No/450/2022/SRG/LSGD/CC(9)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ന നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30ന് സെക്രട്ടറിയേറ്റ് അനക്സ് II വിലെ 'ലയം' ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ– എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.

## 1) പദ്ധതി അവലോകനം

തദ്ദേശഭരണസ്ഥാപനങ്ങളുടെ 14.02.2023 വരെയുള്ള പദ്ധതി പുരോഗതി യോഗം അവലോകനം ചെയ്തു. പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ചെലവ് ശതമാനം |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | 47.52 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 45.03 |
| 3 | ജില്ലാ പഞ്ചായത്ത് | 33.78 |
| 4 | മുനിസിപ്പാലിറ്റി | 39.37 |
| 5 | കോർപ്പറേഷൻ | 31.74 |
| **6** | **ആകെ** | **42.64** |
| ആകെ ചെലവ് (പെന്റിംഗ് ബിൽ അടക്കം) | | 44.05 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | | | | |
|---|---|---|---|---|---|
| 1 | കൊല്ലം | 47.28 | 8 | പത്തനംതിട്ട | 42.16 |
| 2 | ആലപ്പുഴ | 46.80 | 9 | എറണാകുളം | 41.31 |
| 3 | തൃശ്ശൂർ | 45.91 | 10 | തിരുവനന്തപുരം | 40.54 |
| 4 | വയനാട് | 44.12 | 11 | കാസർഗോഡ് | 40.46 |
| 5 | പാലക്കാട് | 43.77 | 12 | ഇടുക്കി | 39.61 |
| 6 | മലപ്പുറം | 43.44 | 13 | കണ്ണൂർ | 39.07 |
| 7 | കോട്ടയം | 43.03 | 14 | കോഴിക്കോട് | 38.52 |

**വിഭാഗം തിരിച്ചുള്ള പദ്ധതി ചെലവ് (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | സി.എഫ്.സി | |
|---|---|---|---|---|
| | | | Tied | Untied |
| 47.51 | 42.26 | 48.01 | 30.32 | 34.11 |

**മുൻ വർഷങ്ങളിൽ ജനുവരി 31 വരെയുള്ള പദ്ധതി ചെലവ് (ശതമാനം)**

| | ജനുവരി 31 |
|---|---|
| **2014-15** | 32.00 |
| **2015-16** | 31.03 |
| **2016-17** | 19.28 |
| **2017-18** | 37.05 |
| **2018-19** | 60.85 |
| **2019-20** | 42.12 |
| **2020-21** | 55.02 |
| **2021-22** | 45.16 |
| **2022-23** | 42.64 (As on 14.02.2023) |

## 2. <u>മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

### 2.1 <u>21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

**<u>2.1 ഖണ്ഡിക 4.31</u>**

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN /23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

മുൻവർഷങ്ങളിൽ 43 ഗ്രാമപഞ്ചായത്തുകൾക്കായി വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ലഭിച്ചിട്ടുള്ള 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. (ഓരോ ഗ്രാമപഞ്ചായത്തുകളുടെയും വിവരം 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ മിനിറ്റ്സിൽ ഉണ്ട്) ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട്ട പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം മുതലായവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം. ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള വിവരങ്ങൾ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടർ നൽകിയിരുന്നു. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്തു ഡയറക്ടർ നൽകിയ 43 തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റിൽ വട്ടവട ഗ്രാമപഞ്ചായത്തു ഒഴികെയുള്ള 42 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു.

വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട്ട നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ 21.08.2022 കോഓർഡിനേഷൻ കമ്മിറ്റിയോഗം ചുമതലപ്പെടുത്തിയിരുന്നു.

ഈ വിഷയം ചർച്ച ചെയ്യാൻ 24.11.2022 ന ജില്ലാ കളക്ടർ യോഗം വിളിച്ചിട്ടുണ്ടെന്ന് റൂറൽ ഡയറക്ടർ 22.11.2022 ലെ യോഗത്തിൽ അറിയിച്ചു. ഈ യോഗത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**<u>റിപ്പോർട്ട് :-</u>** ഇവിടെ വീട്ട നിർമ്മിക്കാൻ കഴിയില്ലെന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകിയ തുക ഉപയോഗിച്ച് ഭൂമി നിരപ്പാക്കുന്ന ജോലിയാണ് നടന്നിട്ടുള്ളതെന്നും റൂറൽ ഡയറക്ടർ യോഗത്തിൽ പറഞ്ഞു. ഈ പദ്ധതി നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഈ പ്രോജക്ട് ഇനി തുടരാൻ സാധിക്കില്ലെന്നും റൂറൽ ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** റൂറൽ ഡയറക്ടർ ഇത നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**2.1 ഖണ്ഡിക 4.66**

**കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ കളക്ടറുടെ 31.05.2022 ലെ 82898/22/DPC/DPO/KTM നമ്പർ കത്തും IRTC ഡയറക്ടറുടെ 28.05.2022 ലെ കത്തും 27.07.2015- ലെ 2303/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 679/22)**

കോട്ടയം ജില്ലയുടെ മലയോര പ്രദേശത്തെ 19 ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി സംയുക്തമായാണ് പ്രോജക്ട നടപ്പാക്കുന്നത്. വകയിരുത്തൽ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് (19) | 20,90,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് (5) | 12,70,000 രൂപ |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 2,50,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 10,00,000 രൂപ |
| **ആകെ** | **46,10,000 രൂപ** |

ഇരുപത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സെർവർ വഴി ക്രോഡീകരിച്ച് ദുരന്ത നിവാരണ അതോറിക്കും, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും തത്സമയം അറിയുവാൻ സാധിക്കുന്ന ഒരു നെറ്റ് വർക്ക് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുമുള്ള സാങ്കേതിക വൈദഗ്ധ്യവും ശേഷിയും ഉണ്ടെന്നും 'നീർത്തട വികസന പ്രവർത്തനത്തിന്' സർക്കാർ അക്രഡിറ്റേഷൻ ഉണ്ടെന്നും IRTC ജില്ലാ ആസൂത്രണ സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് IRTC മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>21.08.2022 ലെ തീരുമാനം :-</u>** വെതർസ്റ്റേഷനിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ മെയിന്റനൻസ്, ഒപ്പം വെതർസ്റ്റേഷന്റെ ദൈനംദിന പരിപാലനം എങ്ങനെയാണ് എന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. ഈ സാഹചര്യത്തിൽ KSDMA മെമ്പർ സെക്രട്ടറിയുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കണം, Indian Metrological Departmentന് ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെ കൈമാറും എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ KSDMA യെ ചുമതലപ്പെടുത്തി.

21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് KSDMA മെമ്പർ സെക്രട്ടറി വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളും മറ്റു വിശദാംശങ്ങളും 15.10.2022 ലെ യോഗത്തിൽ അവതരിപ്പിക്കുകയും ഇതു വിശദമായ റിപ്പോർട്ട്

ആയി 22.11.2022 ലെ യോഗത്തിൽ നൽകുകയും ചെയ്തു. (വിശദമായ റിപ്പോർട്ട് 22.11.2022 ലെ യോഗ മിനിറ്റ്സിൽ ചേർത്തിട്ടുണ്ട് ).

**22.11.2022 ലെ തീരുമാനം:-** ഓട്ടോമാറ്റിക് വെതർസ്റ്റേഷനിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉല്പാദന മേഖലയ്ക്കും മറ്റു വികസന മേഖലയ്ക്കും സഹായകരമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ CUSAT, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ കൂടി സാങ്കേതിക ഉപദേശം തേടി റിപ്പോർട്ട് നൽകാൻ KSDMA മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**റിപ്പോർട്ട് :-** CUSAT, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യാൻ കഴിഞ്ഞില്ലെന്നും 22.11.2022 ലെ യോഗത്തിൽ റിപ്പോർട്ട് ചെയ്ത കാര്യങ്ങളാണ് ശുപാർശയായി നൽകാനുള്ളതെന്നും KSDMA മെമ്പർ സെക്രട്ടറി യോഗത്തിൽ പറഞ്ഞു.

**തീരുമാനം :-** ഇതു പിന്നീട് പരിഗണിക്കാനായി മാറ്റിവച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.2 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.18**

**താമരശ്ശേരി ഗ്രാമപഞ്ചായത്ത്**

**ബഹു.കൊടുവള്ളി എം.എൽ.എയുടെ 20.09.2022 ലെ കത്തും താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2022 ലെ 1-ാം നമ്പർ തീരുമാനവും (SRG 1064/22).**

**വിഷയം:-** താമരശ്ശേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

കൊടുവള്ളി ബ്ലോക്കു പഞ്ചായത്തിന്റെ കീഴിലാണ് താമരശ്ശേരി താലൂക്കാശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ഡോക്ടറെ കൂടി നിയമിക്കേണ്ടതുണ്ട്. ബ്ലോക്കു പഞ്ചായത്തിന് ഇതിനുള്ള ഫണ്ടു കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇതിനാവശ്യമായ തുക ബ്ലോക്കു പഞ്ചായത്തു പരിധിയിൽ വരുന്ന താമരശ്ശേരി ഗ്രാമപഞ്ചായത്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഡോക്ടർക്കുള്ള വേതനം നൽകാൻ താമരശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഏതു സ്പെഷ്യാലിറ്റിയുള്ള ഡോക്ടറെയാണ് നിയമിക്കുന്നത് എന്നതടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് .

**റിപ്പോർട്ട് :-** ഇവിടെ സ്പെഷ്യാലിറ്റി ഡോക്ടർമാരെ ആവശ്യമില്ലെന്നും എം.ബി.ബി.എസ്. യോഗ്യതയുള്ള ഡോക്ടർമാരെ മതിയെന്നും ആരോഗ്യ വകുപ്പിന്റെ പ്രതിനിധി യോഗത്തിൽ പറഞ്ഞു.

**തീരുമാനം :-** ഇതു പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.37**

**ചിങ്ങോലി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022ലെ കത്ത്** **(SRG 911/22 – CC/476/22).**

**വിഷയം:** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പാലം നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 83/23* | ***അടങ്കൽ*** | ***37,00,000 രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് റോഡ്* | ***36,83,244 രൂപ*** |
| | *തനത് ഫണ്ട്* | ***16,756 രൂപ*** |
| ***പേര്*** | ***തയ്യിൽ പാലം നിർമ്മാണം*** | |

ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി വെമ്പുഴ റോഡ് PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികളിലേക്ക് കടക്കുന്നു. ഈ റോഡിൽ ഗ്രാമപഞ്ചായത്തിലെ 1, 13 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തയ്യിൽ പാലം ഇപ്പോൾ അപകടാവസ്ഥയിലാണ്. PMGSY പദ്ധതിയിൽ റോഡിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പാലത്തിന് കേടുപാടുകൾ ഇല്ലാതിരുന്നതിനാൽ പാലത്തിന്റെ നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പാലം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

PMGSY യിൽ നിന്ന് പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക ലഭിക്കുമോ എന്നതു സംബന്ധിച്ച് PMGSY ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് നൽകാൻ 21.10.2022 ലെ യോഗം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ 22.11.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകി.

**22.11.2022 ലെ റിപ്പോർട്ട്:–** റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. സർക്കാരിലേക്ക് റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് നൽകിയിട്ടേയുള്ളൂ. റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് പാലത്തിനു കേടുപാടുകൾ ഇല്ലായിരുന്നു. അതിനാൽ റോഡിന്റെ എസ്റ്റിമേറ്റിൽ പാലം ഉൾപ്പെടുത്തിയില്ല. പാലത്തിന് 35.00 ലക്ഷം രൂപ ചെലവ് വരും. ഇതു കൂടി ഉൾപ്പെടുത്തി അധിക തുകയ്ക്ക് സർക്കാരിലേയ്ക്ക് അയച്ച് അംഗീകാരം ലഭിക്കാൻ കാലതാമസം വന്നേക്കാം. അതിനാൽ മറ്റേതെങ്കിലും ഫണ്ടുപയോഗിച്ച് പാലം നിർമ്മിക്കുന്നതാണ് നല്ലതെന്ന് PMGSY ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22.11.2022 ലെ യോഗത്തിൽ താഴെ പറയുന്ന തീരുമാനമെടുത്തു.

**22.11.2022 ലെ തീരുമാനം:–** ഈ പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് പരിശോധിച്ച് ടെക്നിക്കൽ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തവിധം പാലം തകർന്നുപോയിട്ടുണ്ടോ, പുതിയ പാലം തന്നെ നിർമ്മിക്കേണ്ടതുണ്ടോ എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട് :–** പാലത്തിന്റെ ഡക്ക് സ്ലാബ് ഒരു ഭാഗം പൂർണ്ണമായും ഇടിഞ്ഞു താഴ്ന്നിട്ടുണ്ടെന്നും പാലം ഏതു സമയത്തും ഇടിഞ്ഞു വീഴുമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പാലം

മെയിന്റനൻസ്  നടത്തി പുനരുപയോഗിക്കാവുന്നതല്ല. പുതിയ പാലം പണിയണം. ഇതിന് 37.00 ലക്ഷം രൂപ വേണം. എന്നാൽ ഈ വർഷം സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി നടപടി ക്രമങ്ങൾ പാലിച്ച് പാലം നിർമ്മാണം ആരംഭിക്കാൻ മാത്രമേ സാധ്യമാകു. ഇതിന് ഈ വർഷം 5.00 ലക്ഷം രൂപ മതി. ബാക്കി അടുത്ത വർഷം മതി. അതിനാൽ ബഹു വർഷ പ്രോജക്ടായി എടുക്കുന്നതാണ് നല്ലത്. ഈ പാലം 31.01.2023 ൽ തകർന്നു പോയി എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

**തീരുമാനം :–** പാലത്തിന്റെ ഇപ്പോഴത്തെ അപകടാവസ്ഥ പരിഗണിച്ച് 5.00 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്ന് ഈ വർഷം ഉപയോഗിക്കാനും അടുത്ത വർഷം അനുവദനീയമായ വികസനഫണ്ട് / തനത് ഫണ്ട് ഉൾപ്പെടുത്തി ബഹുവർഷ പ്രോജക്ട് തയ്യാറാക്കി പാലത്തിന്റെ നിർമ്മാണം നടത്താനും നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**<u>2.2 ഖണ്ഡിക 4.58</u>**

**<u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:–** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 188/23*** | ***അടങ്കൽ*** | ***10,00,000 രൂപ*** <br> *(മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)* |
| ***പേര്*** | ***കോട്ടത്തറ GTSH HMC താത്ക്കാലിക ജീവനക്കാർക്ക് വേതനം*** | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി സൈക്ക്യാട്രി, സർജറി, ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് തുടങ്ങിയ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയ്ക്ക് മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഡയാലിസിസ് ടെക്നീഷ്യൻ – 1 എണ്ണം
2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II – 3 എണ്ണം
3) ലാബ് ടെക്നീഷ്യൻ – 1 എണ്ണം
4) സെക്യൂരിറ്റി ജീവനക്കാർ – 2 എണ്ണം

**21.10.2022 ലെ തീരുമാനം:-** മുകളിൽ പറഞ്ഞ പ്രകാരം ആൾക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് പരിശോധിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ആരോഗ്യ വകുപ്പിൽ നിന്ന് ഇവരെ നിയമിക്കാൻ സാധിക്കുമോ എന്നതും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. റിപ്പോർട്ട് ലഭിക്കാത്തതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറോട് 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി വീണ്ടും ആവശ്യപ്പെട്ടു. ഈ ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗക്കാരാണ്. അതിനാൽ മുകളിൽ പറഞ്ഞവരെ നിയമിക്കുന്നതടക്കം ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായവും ഉണ്ടാകണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറുടെ റിപ്പോർട്ട്.

**റിപ്പോർട്ട് :-** പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് മുകളിൽ പറഞ്ഞവരെ നിയമിക്കാൻ ധനസഹായം നൽകാൻ ബുദ്ധിമുട്ടാണെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** ഇവരെ നിയമിക്കാൻ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് സാധിക്കുമോ എന്ന് അന്വേഷിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

**നടപടി:- 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.3 ഖണ്ഡിക 4.1**

ASERT Farming Solution Pvt.Ltd.

ASERT Farming Solution Pvt.Ltd. **മാനേജിംഗ് ഡയറക്ടറുടെ 09.08.2022 ലെ കത്ത് (DA1/354/2022/ LSGD) -(SRG 890/22).**

**വിഷയം:-** സ്റ്റാർട്ടപ്പ കമ്പനികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി ഉത്പന്നങ്ങൾ / സേവനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 05.07.2022 ലെ 2/2022/**SPD** നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പകളിൽ നിന്ന് 50 ലക്ഷം വരെയുള്ള എല്ലാത്തരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് ചൂണ്ടി കാണിച്ച് ടെണ്ടറില്ലാതെ വാങ്ങാൻ തയ്യാറാകുന്നില്ല. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാങ്ങൽ നടപടി ക്രമങ്ങളിൽ ഈ ഉത്തരവു ബാധകമാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**22.11.2022 ലെ തീരുമാനം:-** ASERT മരുന്ന് ഉല്പാദിപ്പിക്കുന്ന (പ്രധാനമായും വെറ്ററിനറി മരുന്നുകൾ) സ്റ്റാർട്ട് അപ് ആണെന്ന് മൃഗസംരക്ഷണ വകുപ്പിലെ പ്രതിനിധികൾ അറിയിച്ചു. ഇവർ മരുന്ന് ഉല്പാദിപ്പിക്കുന്നില്ലെന്നും വിതരണക്കാർ മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ് പ്രതിനിധികൾ യോഗത്തിൽ പറഞ്ഞു. ഈ സാഹചര്യത്തിൽ ASERT Farming Solution Pvt.Ltd നേരിട്ട് മരുന്ന്

ഉല്പാദിപ്പിക്കുന്നുണ്ടോ, ഡ്രഗ് ലൈസൻസ് ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**<u>റിപ്പോർട്ട്</u> :- ASERT Farming Solution Pvt.Ltd** എന്ന സ്ഥാപനത്തിന് ഡ്രഗ് ലൈസൻസ് ഇല്ലെന്നും മറ്റു കമ്പനികൾ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ വില്പന ഏജൻസി മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പു പ്രതിനിധി യോഗത്തിൽ അറിയിച്ചു.

**തീരുമാനം :-** മൃഗസംരക്ഷണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **ASERT Farming Solution Pvt.Ltd** ന്റെ ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**<u>2.3 ഖണ്ഡിക 4.2</u>**

**<u>കേരള ഗവ.ഫാർമസിസ്റ്റ് അസ്സോസിയേഷൻ</u>**

**കേരള ഗവ.ഫാർമസിസ്റ്റ് അസ്സോസിയേഷൻ പ്രസിഡന്റിന്റെ 01.10.2022 ലെ 17/2022-23/KGPA നമ്പർ കത്ത് (SRG 1110/22)**

**വിഷയം:-** താല്ക്കാലികമായി ജോലി ചെയ്യുന്ന ഫാർമസിസ്റ്റുമാർക്ക് പുതുക്കിയ അടിസ്ഥാന ശമ്പളം നൽകണമെന്നതു സംബന്ധിച്ച്.

ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും പി.എച്ച്.സി, സി.എച്ച്.സി, താലൂക്കാശുപത്രികൾ, നഗരസഭകളുമായി ബന്ധപ്പെട്ട ആശുപത്രികൾ എന്നിവിടങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന താല്ക്കാലികമായി നിയമിക്കാറുണ്ട്. ആരോഗ്യവകുപ്പിന്റെ മാനദണ്ഡപ്രകാരം പുതുതായി നിയമിക്കപ്പെടുന്ന ഡോക്ടർ/നേഴ്സ്മാരുടെ അടിസ്ഥാന ശമ്പളമാണ് ഇവർക്ക് നൽകേണ്ടത്. ഇതനുസരിച്ച് പുതിയ ശമ്പള പരിഷ്കരണ പ്രകാരം ഡോക്ടർമാർക്ക് 63,700 രൂപയും നഴ്സ്മാർക്ക് 39,300 രൂപയുമാണ് നൽകാവുന്നതെന്ന് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഫാർമസിസ്റ്റുകളേയും താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്കും അഡ്ഹോക്ക് സാലറി നൽകുന്നത് സംബന്ധിച്ച്. ഇതിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്.

ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഇന്നത്തെ യോഗത്തിലും റിപ്പോർട്ട് നൽകിയില്ല. അടുത്ത യോഗത്തിൽ റിപ്പോർട്ട് നൽകാമെന്ന് ആരോഗ്യവകുപ്പ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- 1) ആരോഗ്യവകുപ്പ് ഡയറക്ടർ**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.4 19.12.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**<u>2.4 ഖണ്ഡിക 4.6</u>**

**<u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.222-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.10.2022-ലെ** C2 -1911/22-ാം **നമ്പർ കത്തും, പ്രോജക്ട് റിപ്പോർട്ടും അനുബന്ധരേഖകളും (SRG 1240/22 - CC/712/22).**

**വിഷയം:** കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 310/23* | *അടങ്കൽ* | *37,34,625 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് പ്രവർത്തനക്ഷമമാക്കൽ* | |

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം ആകെ അടങ്കൽ 47.00 ലക്ഷം രൂപയാണ്. ആശുപത്രിയിലേയ്ക്ക് മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതോടൊപ്പം താഴെപ്പറയുന്നവരെക്കൂടി നിയമിക്കേണ്ടതുണ്ട്.

ഡോക്ടർ – 1 – വേതനത്തിനുവേണ്ട തുക 6,80,000 രൂപ

സ്റ്റാഫ് നഴ്സ് – 2 – വേതനത്തിനുവേണ്ട തുക 4,80,000 രൂപ

ഹോസ്പിറ്റൽഅറ്റൻഡന്റ് – 3 – വേതനത്തിനുവേണ്ട തുക 5,94,00 രൂപ

മുകളിൽ പറഞ്ഞവരെക്കൂടി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് ജെറിയാട്രിക് വാർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** ജറിയാട്രിക് വാർഡിന് ആവശ്യമായ ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടോ എന്നതടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് അഭിപ്രായം നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**<u>റിപ്പോർട്ട്</u>** :- ഇവിടെ ജറിയാട്രിക് വാർഡ് തുടങ്ങാനുള്ള അടിസ്ഥാന സൗകര്യമുണ്ടെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു.

**തീരുമാനം :-** ഭാവിയിൽ ഭീമമായ ആവർത്തചെലവ് ഉണ്ടാകുമെന്നതു പരിഗണിച്ച് ജറിയാട്രിക് വാർഡ് തുടങ്ങാനുള്ള സ്റ്റാഫിനെ ജില്ലാ പഞ്ചായത്തിൽ നിന്ന് നിയമിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു. എന്നാൽ സ്റ്റാഫിനെ വകുപ്പ് നിയമിക്കുകയാണെങ്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ജില്ലാ പഞ്ചായത്തിന് ഒരുക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**<u>2.4 ഖണ്ഡിക 4.10</u>**

**<u>വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2022 ലെ കത്തും വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.09.2022 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 973/23 – CC/545/22)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണിക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 56/23* | *അടങ്കൽ* | *10,00,000/- രൂപ (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| *പേര്* | *വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണികൾ* | |

പലപ്പോഴും വെള്ളം കയറുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരിക്കേണ്ടത് ആവശ്യമാണ്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u> :-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വളരെ താഴ്ന്ന പ്രദേശത്തായതിനാൽ പലപ്പോഴും വെള്ളം കയറും. നിരന്തരമുള്ള വെള്ളപ്പൊക്കത്തിലും കാലപ്പഴക്കത്താലും കെട്ടിടത്തിന്റെ ഒരു ഭാഗം അപകടാവസ്ഥയിലാണ്. എന്നാൽ ഈ ഭാഗം മാത്രമായി മെയിന്റനൻസ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കില്ല. അതിനാൽ നിലവിലെ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതാണ് നല്ലത്.

**തീരുമാനം :-** ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യം നിരസിച്ചു. ഈ സാഹചര്യത്തിൽ ഈ കെട്ടിടം മെയിന്റനൻസ് നടത്തുന്നതിനു പകരം പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

**<u>2.4 ഖണ്ഡിക 4.25</u>**

**<u>തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്തും തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.09.2022 ലെ 11(1)-ാം നമ്പർ തീരുമാനവും (SRG 1006/22 - CC 544/2022)).**

**വിഷയം:-** എം.സി.എഫിന് കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 37/23*** | ***അടങ്കൽ*** | ***22,62,557/- രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *16,67,200 രൂപ* |
| | *കേന്ദ്രാവിഷ്കൃത വിഹിതം* | *5,95,357 രൂപ* |
| ***പേര്*** | ***എം.സി.എഫ് നിർമ്മാണം*** | |

ഗ്രാമപഞ്ചായത്തിൽ MCF നിർമ്മിക്കുന്നതിനു വേണ്ടി 2021-22 ൽ എടുത്ത പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. 2002-03 വർഷം വ്യവസായ കേന്ദ്രം തുടങ്ങുന്നതിന് 54 സെന്റ് സ്ഥലം 5,55,026 രൂപ മുടക്കി വാങ്ങിയിരുന്നു. ഇവിടെ 28,52,088 രൂപ മുടക്കി നാലു കെട്ടിടങ്ങൾ നിർമ്മിച്ച് യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് കൊപ്ര സംസ്കരണ യൂണിറ്റും ധാന്യപ്പൊടി യൂണിറ്റും ആരംഭിച്ചു. ഇപ്പോൾ ഇവ പ്രവർത്തിക്കുന്നില്ല. ഇപ്പോഴുള്ള നാലു കെട്ടിടങ്ങളിൽ 7/125/നമ്പറിലുള്ള 77.49ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം അൺഫിറ്റാണെന്ന് തദ്ദേശസ്വയം ഭരണവകുപ്പ് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കെട്ടിടം പൊളിച്ചു നീക്കി ഇവിടെ ഒരു MCF കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** പൊളിച്ചുമാറ്റാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ പ്രാദേശിക സാമ്പത്തിക വികസന (LED) പദ്ധതി പ്രകാരം ആരംഭിക്കാൻ കഴിയുന്ന തൊഴിൽസംരംഭങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിഗണിക്കണം. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**<u>റിപ്പോർട്ട്:</u>**- ഈ കെട്ടിടം പൊളിച്ചു നീക്കി MCF കെട്ടിടം നിർമ്മിക്കുന്നതാണ് നല്ലതെന്നും ഇതിന് അനുമതി നൽകാവുന്നതാണെന്നും റൂറൽ ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം :-** പുതിയതായി നിർമ്മിക്കുന്ന കെട്ടിടം MCF നു തന്നെ ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ബി)വകുപ്പ്**

**<u>2.4 ഖണ്ഡിക 4.32</u>**

**<u>ആറ്റിങ്ങൽ നഗരസഭ</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2022 ലെ** PLG-**1040/2022-23/DPC/DPO/തിരു/ നമ്പർ കത്തും ആറ്റിങ്ങൽ നഗരസഭ സെക്രട്ടറിയുടെ 25.10.2022 ലെ** G4-12932/22-ാാം **നമ്പർ കത്തും (SRG 1196/22)**

**വിഷയം:-** പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 230/23* | ***അടങ്കൽ*** | *2,00,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | ***എൽ.കെ.ജി മുതൽ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് വ്യായാമത്തിലൂടെ മാനസികോല്ലാസം*** | |

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യായാമത്തിലൂടെ മാനസികോല്ലാസം നൽകുന്നതിനു നഗരസഭ പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നു. കായികാധ്യാപ കരില്ലാത്ത സ്കൂളുകളിൽ നാലാം ക്ലാസ്സുമുതലുള്ള വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ 15,000 രൂപ പ്രതിമാസ വേതനം നൽകികൊണ്ട് 10 മാസത്തേക്ക് നിയമിക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്.

നാലാം ക്ലാസ്സ് സ്റ്റാന്റേർഡിനു താഴെയുള്ള വിദ്യാർത്ഥികൾക്കായി പരിശീലകരെ നിശ്ചയിച്ച് അനുവദനീയമായ ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** നാലാം ക്ലാസ്സിനുതാഴെയുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള അദ്ധ്യാപകരുടെ യോഗ്യത എന്തായിരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**<u>റിപ്പോർട്ട്:-</u>** പൊതു വിദ്യാഭ്യാസ വകുപ്പും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ ഇതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ലെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** റിപ്പോർട്ട് ഇതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ നഗരസഭയുടെ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന യോഗം തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 ഖണ്ഡിക 4.34**

**നെടുമങ്ങാട് നഗരസഭ**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG 957/22 - CC /522/2022))**

**വിഷയം:-** സ്ലോട്ടർ ഹൗസിന്റെ DPR തയ്യാറാക്കിയ വകയിലെ കൺസൾട്ടൻസി ഫീ നൽകാൻ അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 251/23* | *അടങ്കൽ* | *25,00,000/- രൂപ*<br>*(വികസന ഫണ്ട് - 10,00,000 രൂപ*<br>*തനത് ഫണ്ട് - 15,00,000/- രൂപ)* |
|---|---|---|
| *പേര്* | *സ്ലോട്ടർ ഹൗസ് പൂർത്തീകരണം* | |

നെടുമങ്ങാട് നഗരസഭയിൽ സ്ലോട്ടർ ഹൗസ് നിർമ്മിക്കുന്നതിന് KIIFB സഹായം പ്രതീക്ഷിച്ച് DPR തയ്യാറാക്കി നൽകി. സെന്റർ ഫോർ ഫാമിംഗ് ആന്റ് ഫുഡ് പ്രോസസ്സിംഗ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണർ Dr.V.V മോഹനൻ ആണ് DPR തയ്യാറാക്കിയത്. DPR പ്രകാരം ഇതിന്റെ എസ്റ്റിമേറ്റ് തുക 2,38,90,000 രൂപ. ഇതിന്റെ കൺസൾട്ടൻസി ഫീ എസ്റ്റിമേറ്റിന്റെ 0.75 ശതമാനം തുകയായ 1,79,175 രൂപ. എന്നാൽ കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കാതെ വന്നതിനാൽ നഗരസഭ നേരിട്ട് സ്ലോട്ടർ ഹൗസിന്റെ നിർമ്മാണം ഏറ്റെടുത്തു. അതിനായി മുകളിൽ പറഞ്ഞ ഏജൻസിയെ കൊണ്ട് പുതിയ DPR തയ്യാറാക്കി. ഇതു പ്രകാരം എസ്റ്റിമേറ്റ് തുക 1,93,64,980 രൂപ. ഇതിന്റെ കൺസൾട്ടൻസി ഫീ എസ്റ്റിമേറ്റിന്റെ 0.75 ശതമാനമായ 1,45,237 രൂപ. DPR ശുചിത്വമിഷൻ അംഗീകരിച്ചു. അറവുശാലയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മുൻ വർഷങ്ങളിൽ ഇതിനായി തുക ചെലവഴിച്ചിരിക്കുന്നത് വികസനഫണ്ടും തനതുഫണ്ടുമാണ്. ശുചിത്വമിഷന്റേതടക്കം മറ്റു വിഹിതമില്ല. ഒരേ പ്രവൃത്തിക്കാണെങ്കിലും രണ്ടു DPR തയ്യാറാക്കിയത് നഗരസഭ ആവശ്യപ്പെട്ട പ്രകാരമാണെന്നും അതിനാൽ രണ്ട് DPRനും കൺസൾട്ടൻസി ഫീ നൽകണമെന്നും കൺസൾട്ടൻസി സ്ഥാപനം അറിയിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞ തുകയുടെ 18ശതമാനം GST യും നൽകണം. ഇതോടൊപ്പം കൺസൾട്ടൻസിക്ക് യാത്രാ ബത്തയായി 72,492 രൂപയും (21 ദിവസത്തേക്ക് പ്രതിദിനം 3452 രൂപ നിരക്കിൽ) നൽകണം. ഇതിനകം ആകെ 1,50,000 രൂപ നൽകി. മുകളിൽ പറഞ്ഞ നിരക്കിൽ ബാക്കി തുക നൽകണമെന്നതു സംബന്ധിച്ച്.

**19.12.2022 ലെ തീരുമാനം :-**

1) ആദ്യം തയ്യാറാക്കിയ DPR ന് കൺസൾട്ടൻസി ഫീ നൽകണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതപ്പെടുത്തി. ഒരേ പ്രവൃത്തിക്ക് ഒരേ ഏജൻസി തന്നെ രണ്ടു DPR തയ്യാറാക്കിയതിന്റെ സാഹചര്യവും ചീഫ് എഞ്ചിനീയർ പരിശോധിക്കണം. ഒപ്പം സ്ലോട്ടർ ഹൗസിന്റെ നിർമ്മാണം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തി.

2) കൺസൾട്ടൻസിയുമായുള്ള എഗ്രിമെന്റിൽ റ്റി.എ നൽകുന്നത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലെ റ്റി.എ നൽകാവൂ എന്നു നിർദ്ദേശിക്കുന്നു. എന്നാൽ കൺസൾട്ടൻസി ഫീയോടൊപ്പം റ്റി.എ കൂടി എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ഇതു പരിശോധിച്ച് റിപ്പോർട്ടു നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്</u>** :- i) രണ്ട് ഡി.പി.ആറും തയ്യാറാക്കിയിരിക്കുന്നത് ഒരേ സ്ഥലത്തുള്ള അറവുശാല നിർമ്മിക്കുന്നതിനാണ്. ആദ്യത്തെ ഡി.പി.ആറുമായി രണ്ടാമത്തെ ഡി.പി.ആറിൽ മെക്കാനിക്കൽ പ്രവൃത്തിക്കായുള്ള ഘടകം അധികമായി ചേർത്തിട്ടുണ്ട്. ഒന്നാമത്തെ ഡി.പി.ആറിൽ ചില തിരുത്തലുകൾ മാത്രം വരുത്തിയാൽ മതിയായിരുന്നു. രണ്ടു ഡി.പി.ആർ തയ്യാറാക്കേണ്ട ആവശ്യമില്ലായിരുന്നു. അതിനാൽ ഒരു ഡി.പി.ആർ തയ്യാറാക്കിയതിന്റെ കൺസൾട്ടൻസി ഫീ മാത്രമേ നൽകേണ്ടതുള്ളൂ. കൺസൾട്ടൻസിയുമായുള്ള കരാർ ഉടമ്പടിയിൽ മുനിസിപ്പൽ സെക്രട്ടറി ഒപ്പു വച്ചിട്ടില്ല.

**തീരുമാനം :-** ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിച്ച് ഒരു ഡി.പി.ആറിന്റെ (രണ്ടാമതു തയ്യാറാക്കിയത്) മാത്രം കൺസൾട്ടൻസി ഫീസ് നൽകിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

**<u>റിപ്പോർട്ട്</u>**:- **ii)** കൺസൾട്ടൻസിയുമായുള്ള എഗ്രിമെന്റിൽ യാത്രാബത്ത നൽകുന്നത് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 29.06.2022 തീയതിയിലെ കൗൺസിൽ തീരുമാനം നമ്പർ 1 പ്രകാരം യാത്രാബത്ത ഇനത്തിൽ 72,492 രൂപ കൺസൾട്ടൻസിക്ക് നൽകുന്നത് തെറ്റാണ്.

**തീരുമാനം :-** ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം യാത്രാബത്ത നൽകാവുന്നതല്ല എന്ന് നിർദ്ദേശിക്കുന്നു. ഇപ്പോൾ കൺസൾട്ടൻസി സ്ഥാപനത്തിന് നൽകിയിരിക്കുന്ന 1.50 ലക്ഷം രൂപയിൽ യാത്രാ ബത്ത ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്.

**നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**<u>2.4 ഖണ്ഡിക 4.35</u>**

**<u>നെടുമങ്ങാട് നഗരസഭ</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) നെടുമങ്ങാട് നഗരസഭാ ചെയർപേഴ്സന്റെ 22.07.2022 ലെ കത്തും (SRG 958/22 – CC/436/22)**

**വിഷയം:-** കുടിവെള്ള പ്രശ്നമുള്ള മേഖലയിൽ എല്ലാ കാലത്തും കുടിവെള്ള വിതരണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

വരൾച്ചകാലമായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ പ്രത്യേകാനുമതി നൽകാറുണ്ട്. എന്നാൽ നഗരസഭയുടെ ചില ഉയർന്ന പ്രദേശങ്ങളിൽ മറ്റു സമയങ്ങളിലും കുടിവെള്ള ക്ഷാമം ഉണ്ടാകും. ഉയർന്ന പ്രദേശങ്ങളിൽ **KWA** യുടെ ജലവിതരണമോ, കിണറുകളോ, കുഴൽകിണറുകളോ പ്രായോഗികമല്ല. അതിനാൽ കാലപരിധി ഇല്ലാതെ കുടിവെള്ള ക്ഷാമം

ഉണ്ടാകുന്ന ഉയർന്ന  പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം പ്രകാരം നടപടി സ്വീകരിക്കേണ്ട ഖണ്ഡിക</u>**

1) മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾക്കു പുറമെ കുടിവെള്ളക്ഷാമം വരുന്ന മറ്റു സമയങ്ങളിലും കുടിവെള്ളം വിതരണം നടത്തേണ്ട സവിശേഷ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u>** :- അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പൈപ്പുകളുടെ വ്യാസം കൂട്ടുന്നുണ്ട്. ഇതു പൂർത്തിയാക്കുന്നതോടെ എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ നൽകാൻ കഴിയും. അതുവരെ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾ കൂടാതെ മറ്റ് മാസങ്ങളിലും കുടിവെള്ള ക്ഷാമം ഉണ്ടാവുകയാണെങ്കിൽ ഈ സമയങ്ങളിലും കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്.

**തീരുമാനം :-** കുടിവെള്ള കണക്ഷൻ ലഭിക്കുന്നതുവരെ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾക്കു പുറമെ കുടിവെള്ള ക്ഷാമമുള്ള അവസരങ്ങളിൽ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് നെടുമങ്ങാട് നഗരസഭയിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**<u>2.4 ഖണ്ഡിക 4.36</u>**

**<u>അഗളി ഗ്രാമപഞ്ചായത്ത്</u>**
**അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2022 ലെ കത്ത് (SRG 1115/22)**

**<u>വിഷയം</u>:-** ഗോത്രസാരഥി പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

അഗളി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 890 വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെടുത്തി യാത്രാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് റ്റി.എസ്.പി വിഹിതമായി ലഭിക്കുന്നത് 3.00 കോടി രൂപയാണ്. എൽ.പി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു മാത്രം യാത്രാ സൗകര്യം ഒരുക്കുന്നതിന് ഏകദേശം 2.00 കോടി രൂപ ഒരു വർഷം വേണം. **U.P, High School** വിദ്യാർത്ഥികൾക്കു കൂടിയാണെങ്കിൽ ഏകദേശം 5.00 കോടി രൂപ ഒരു വർഷം വേണം.  ഇതു മറ്റു വികസന ക്ഷേമ പരിപാടികളെ ബാധിക്കും. അതിനാൽ മുൻകാലങ്ങളിലെ പോലെ ഗോത്രസാരഥി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പു നേരിട്ടു നടപ്പാക്കുകയോ അല്ലായെങ്കിൽ വകുപ്പിൽ നിന്ന് വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറുകയോ ചെയ്യണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം</u>**: - അഗളി ഗ്രാമപഞ്ചായത്തിന് കൂടുതൽ വിഹിതം പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകണമെന്ന് യോഗം നിർദ്ദേശിച്ചിരുന്നു. ഇതിന്മേൽ പട്ടിക വർഗ്ഗ വികസന ഡയറക്ടർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.

റിപ്പോർട്ട്:– ഗോത്രസാരഥി പദ്ധതിയ്ക്കായി ജില്ലകളിലേയ്ക്ക് നൽകാൻ 11.46 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്. ഇത് അനുവദിച്ച് ലഭിക്കുന്ന മുറയ്ക്ക് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് വിഹിതം നൽകുന്നതാണ്.

**തീരുമാനം :–** അഗളി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പ്രത്യേകം പരിഗണിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:– 1)ഡയറക്ടർ, പട്ടികവർഗ്ഗവികസന വകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 ഖണ്ഡിക 4.39**

**ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്**
**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2022 ലെ കത്തും (SRG 972/22 – CC/542/22)**

**വിഷയം:–** ബ്ലോക്ക് പഞ്ചായത്ത് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 110/23*** | ***അടങ്കൽ*** | ***50,00,000/– രൂപ***<br>*(വികസന ഫണ്ട് ജനറൽ – 35,00,000 രൂപ*<br>*ജില്ലാ പഞ്ചായത്ത് വിഹിതം – 15,00,000 രൂപ)* |
| ***പേര്*** | ***ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച്.*** | |

ചമ്പക്കുളം ബ്ലോക്ക പഞ്ചായത്ത് പരിധിയിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ല. ബ്ലോക്ക പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തകഴി ഗ്രാമപഞ്ചായത്തിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്തിന്റെ കൂടി വിഹിതം ഉൾപ്പെടുത്തി ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഭാവിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും 5.00 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് 10 ലക്ഷം രൂപയും വകയിരുത്തി ബഡ്സ് സ്കൂളിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് സ്ഥാപിക്കാവുന്നത്. അതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:–</u>** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്:</u>–** 29.07.2009 (എം.എസ്) നം. 148/09/തസ്വഭവ ഉത്തരവു പ്രകാരം ചെറിയ ബ്ലോക്ക പഞ്ചായത്തുകളിൽ ഒന്നും വലിയ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഒന്നിലധികം ബഡ്സ് സ്കൂളുകളും സ്ഥാപിക്കാവുന്നതാണെന്നും ത്രിതല പഞ്ചായത്ത് കൂടിയാലോചന നടത്തി സംയോജന സാധ്യത ഉറപ്പാക്കി കുറഞ്ഞ സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ലഭ്യമാക്കി മാത്രമേ പുതിയ സ്കൂൾ ആരംഭിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഗ്രാമപഞ്ചായത്തുകളുടെ സംയോജന സാധ്യത ഉറപ്പാക്കി ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

**തീരുമാനം :-** കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്**

**2.4 ഖണ്ഡിക 4.44**

**പുഴയ്ക്കാട്ടിരി ഗ്രാമപഞ്ചായത്ത്**
**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്ത് (SRG 1002/22 - CC/429/22)**

**വിഷയം:-** കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നടപ്പാക്കുന്ന ഗൃഹശ്രീ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നു വിഹിതം നൽകുന്നതു സംബന്ധിച്ച്.

ലൈഫ് ഭവനപദ്ധതിയിൽ അപേക്ഷ നൽകാൻ കഴിയാത്തതും എന്നാൽ ഭവന നിർമ്മാണത്തിന് ധനസഹായത്തിന് അർഹതയുള്ളവരുമായ ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ഗൃഹശ്രീ എന്ന ഭവന പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് 2.00 ലക്ഷം രൂപ നൽകും. ഇതിനു പുറമെ ഗുണഭോക്തൃവിഹിതമായി 1.00 ലക്ഷം രൂപയും സ്പോൺസർഷിപ്പിലൂടെ 1.00 ലക്ഷം രൂപയും നിശ്ചിത അക്കൗണ്ടിൽ അടയ്ക്കണം. ഇങ്ങനെയുള്ള ഗുണഭോക്താക്കൾക്ക് സ്പോൺസർമാർ മുഖേന കണ്ടെത്തേണ്ട വിഹിതമായ 1.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**19.12.2022 ലെ തീരുമാനം:-** ഈ പദ്ധതി സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. പുഴയ്ക്കാട്ടിരി ഗ്രാമപഞ്ചായത്തിലും സംസ്ഥാനത്താകെയും എത്രപേർക്കാണ് KSHB ഇപ്രകാരം വീടിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നത് എന്നതടക്കമുള്ള വിശദാംശങ്ങൾ നൽകണം. ഇതു സംബന്ധിച്ച റിപ്പോർട്ട് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകി.

**റിപ്പോർട്ട്: -** പുഴയ്ക്കാട്ടിരി ഗ്രാമപഞ്ചായത്തിലും സംസ്ഥാനത്താകെയും നിലവിൽ ലഭിച്ചിട്ടുള്ള 987 അപേക്ഷകർക്കും സ്പോൺസർ വിഹിതം ലഭിച്ചിട്ടുള്ളതിനാൽ ഈ അപേക്ഷകർക്കെല്ലാം KSHB യിൽ നിന്ന് ധനസഹായം നൽകാൻ കഴിയുമെന്ന് KSHB സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അതിനാൽ ഗുണഭോക്താക്കൾക്ക് സ്പോൺസർമാർ മുഖേന കണ്ടെത്തേണ്ട വിഹിതമായ 1.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**തീരുമാനം :-** ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യം നിരസിച്ചു.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**2.4 ഖണ്ഡിക 4.54**

**കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2022–ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.02.2022–ലെ 2(2) നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും (SRG 1180/22 - CC/255/22).**

**വിഷയം:** ഭിന്നശേഷിയുള്ള ശ്രീമതി.സുധ.ഇ.ആർ എന്ന ആൾക്ക് വീട്ടിലേയ്ക്ക് റാമ്പ് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 208/22*** | ***അടങ്കൽ*** | ***3,82,280 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***കോളനി ജംഗ്ഷൻ കൈലാസംകുന്ന് റോഡിൽ നിന്നും ഭിന്നശേഷി സൗഹൃദ റാമ്പ് നിർമ്മാണം (വാർഡ് 2)*** | |

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സുധ.ഇ.ആർ. ലക്ഷ്മി ഭവനം, നെടുമൺകാവ് എന്ന ആൾക്ക് വീട്ടിലേയ്ക്ക് മുച്ചക്ര വാഹനത്തിൽ എത്തുന്നതിന് റാമ്പ് നിർമ്മിച്ചു നൽകുന്നതിന് 5.00 ലക്ഷം രൂപ അടങ്കലിൽ 2019–20ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിൽ 1,17,720 രൂപ ചെലവായി. എന്നാൽ നിർമ്മാണ വേളയിൽ കല്ലുകൊണ്ടുള്ള നിർമ്മാണം വേണ്ട എന്നും പകരം RCCപില്ലറും സ്ലാബും ഉപയോഗിച്ചുള്ള കോൺക്രീറ്റ് റാമ്പ് വേണമെന്നും ഗുണഭോക്താവ് അറിയിച്ചു. ഇവരുടെ വീട് റോഡിൽ നിന്ന് 8 മീറ്ററോളം താഴ്ചയിലാണ്. ഈ രീതിയിൽ റാമ്പു നിർമ്മിക്കുന്നതിന് 12.00 ലക്ഷം രൂപയെങ്കിലും വേണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ റാമ്പ് നിർമ്മിച്ചു നൽകണമെന്നാവശ്യപ്പെട്ട് ഗുണഭോക്താവ് 17.02.2022 ൽ ഗ്രാമപഞ്ചായത്ത് ഓഫിസിനു മുമ്പിൽ നിരാഹാരം അനുഷ്ഠിച്ചിരുന്നു. ഒരു ഗുണഭോക്താവിന് മാത്രമായി ഇത്രയും രൂപ മുടക്കേണ്ടി വരുമെന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**19.12.2022 ലെ തീരുമാനം:–** ഇതു പരിശോധിച്ച് റിപ്പോർട്ട് സംയുക്തമായി നൽകാൻ പഞ്ചായത്തു ഡയറക്ടറേയും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറേയും ചുമതലപ്പെടുത്തി. ഇതനുസരിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:** - റോഡും സ്ഥലമുടമയുടെ വീടും തമ്മിൽ 5.1 മീറ്റർ ഉയരവ്യത്യാസമുണ്ട്. അതിനാൽ 61.2 മീറ്റർ നീളത്തിൽ റാമ്പ് നിർമ്മിക്കേണ്ടി വരും. വാഹനം തിരിക്കുന്നതിനുള്ള സൗകര്യങ്ങൾപ്പെടെ ആർ.സി.സി പില്ലറും സ്ലാബും ഉപയോഗിച്ച് റാമ്പ് നിർമ്മിക്കുന്നതിന് ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള പ്ലോട്ടിന്റെ നല്ലൊരു ഭാഗം ഉപയോഗിക്കേണ്ടി വരുമെന്നും ഇതിനായി വിശദമായ എസ്റ്റിമേറ്റെടുത്തില്ല എങ്കിലും ഏകദേശം 12 മുതൽ 15 ലക്ഷം രൂപ ചെലവു വരുമെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം :–** ഈ ആവശ്യം സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**2.4 ഖണ്ഡിക 4.55**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.08.2022-ലെ 29/2022(9) -ാം നമ്പർ തീരുമാനം (SRG 1172/22 - CC/666/22).**

**വിഷയം:** ന്യൂ മാഹി പാർക്കിന്റെ (എം.മുകുന്ദൻ പാർക്ക്) മെയിന്റനൻസ് നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 618/22* | *അടങ്കൽ* | *30,00,000 രൂപ (വികസന ഫണ്ട് - ജനറൽ)* |
| *പേര്* | *എം.മുകുന്ദൻ പാർക്ക്- വൃദ്ധർക്കും കുട്ടികൾക്കുമായുള്ള പാർക്ക്* | |

ജില്ലാ പഞ്ചായത്ത് 2017-18-ൽ 2.00 കോടി രൂപ വികസനഫണ്ട് വകയിരുത്തി ന്യൂ മാഹി പാർക്ക് (എം.മുകുന്ദൻ പാർക്ക്) നിർമ്മാണത്തിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 31.10.2020 ന് പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. എന്നാൽ കൊവിഡ് സമയമായിതിനാൽ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിഞ്ഞില്ല. തുടർന്ന് പാർക്കിന്റെ പരിചരണത്തിനും മറ്റുമായി പാർക്കു നിർമ്മിച്ച ജില്ലാ നിർമ്മിതികേന്ദ്രയെ ഏല്പിച്ചു. തുടർന്ന് 30.04.2022വരെ നിർമ്മിതി കേന്ദ്ര പാർക്ക് പരിപാലിക്കുകയും താഴെപ്പറയുന്ന പ്രവർത്തികൾ നടത്തുകയും ചെയ്തു. കരാർ വയ്ക്കാതെയാണ് പ്രവൃത്തികൾ നടത്തിയതെങ്കിലും എല്ലാ പ്രവൃത്തികളും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ബിൽ തുക നൽകുന്നതിന് ഈ വർഷം 30.00 ലക്ഷം രൂപയുടെ പ്രോജക്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിട്ടുണ്ട്. ഈ തുക നൽകാൻ അനുതി നൽകണമെന്നതു സംബന്ധിച്ച്

**നിർമ്മിതി കേന്ദ്രം നടത്തിയ പ്രവർത്തനങ്ങളും അതിന്റെ എസ്റ്റിമേറ്റ് തുകയും താഴെ ചേർക്കുന്നു.**

| | | |
|---|---|---|
| **1)** | മെയിന്റനൻസ് വർക്ക് | 8,37,018 രൂപ |
| **2)** | ഇലക്ട്രിക്കൽ വർക്ക്, കെ.എസ്.ഇ.ബി കണക്ഷൻ ചാർജ്, ജനറേറ്റർ, **CC TV**തുടങ്ങിയവ | 3,50,000രൂപ |
| **3)** | ഗാർഡൻ, കൊറിയൻ കാർപ്പറ്റ് | 1,00,000 രൂപ |
| **4)** | കുടിവെള്ളം, പ്ലംബിംഗ് | 60,000 രൂപ |
| **5)** | പാർക്ക് മെയിന്റനൻസ് നടത്തുന്നതിന് സെക്യൂരിറ്റി ചാർജ്ജ്, പൂന്തോട്ട പരിപാലനം, കറന്റ് ചാർജ്ജ് | 8,02,064 രൂപ |
| | **ആകെ** | **21,49,083 രൂപ** |

**19.12.2022ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:** - ഈ പ്രവൃത്തിയുടെ മെയിന്റനൻസിന് മാത്രമാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. Electrical Work, KSEB Connection charge, Generator, CCTV, Garden, Corean carpet, Sanitary and plumbing പ്രവൃത്തികൾ,Security charge, പൂന്തോട്ട പരിപാലനം, Current

charge എന്നിവ LS ആയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തികളുടെ അളവുകൾ പലതും സ്ഥലത്ത് നടത്തിയ പരിശോധനയിൽ വ്യക്തമല്ലാത്തതിനാൽ എം. ബുക്കിലെ അളവുമായി ഒത്ത് നോക്കാൻ സാധിക്കുന്നില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ചിലയിനം പ്രവൃത്തികളുടെ അളവുകൾ പ്രവൃത്തിയുടെ നിർവ്വഹണ സമയത്ത് രേഖപ്പെടുത്തേണ്ടതായിരുന്നു. ആയതിനാൽ ഇത്തരം അളവുകൾ വെരിഫൈ ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പൂർണ്ണമല്ല. അതിനാൽ വിശദമായ അന്വേഷണം നടത്തുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറെ (ഉത്തരമേഖല) ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ റിപ്പോർട്ട് നൽകണമെന്ന് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു.

**നടപടി:- 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.4 ഖണ്ഡിക 4.56

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**
**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.09.2022-ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022-ലെ 10(3) -ാം നമ്പർ തീരുമാനം (SRG -1010/22 - CC/557/22).**

**വിഷയം:** കുടുംബശ്രീ ഷീപാഡ് നിർമ്മാണ യൂണിറ്റുകൾക്ക് പ്രത്യേക സഹായം സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 795/22* | *അടങ്കൽ* | *10,00,000 രൂപ (വികസന ഫണ്ട് - ജനറൽ)* |
| *പേര്* | *ഷീ പാഡ് യൂണിറ്റുകളുടെ പുനരുദ്ധാരണം* | |

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് മൂന്ന് ഷീ പാഡ് നിർമ്മാണ യൂണിറ്റ് തുടങ്ങുകയും ഇത് നടത്തിപ്പിനായി കുടുംബശ്രീക്ക് കൈമാറുകയും ചെയ്തു. ആകെ 67.00 ലക്ഷം രൂപ ചെലവഴിച്ച് തുടങ്ങിയ യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

1. മുണ്ടൂർ ഡയമണ്ട് ക്ലസ്റ്റർ കേന്ദ്രം, മുണ്ടൂർ
2. ഗുഡ്കെയർ യൂണിറ്റ്, ചൊവന്നൂർ
3. ഹരിത കെയർ യൂണിറ്റ്, ചാഴൂർ

തൃശ്ശൂർ ജില്ലയിലെ എല്ലാ ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കും ഷീപാഡ് കുറഞ്ഞ വിലയിൽ വിതരണം ചെയ്ത് വെന്റിംഗ് മെഷീൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന രീതിയാണ് വിഭാവനം ചെയ്തിരുന്നത്. കൊവിഡ് മഹാമാരിമൂലം വിദ്യാലയങ്ങൾ അടഞ്ഞു കിടക്കുന്നതിനാൽ ഷീ പാഡ് നിർമ്മാണ യൂണിറ്റുകളുടെ വരുമാനമാർഗ്ഗം ഇല്ലാതായി. ഇപ്പോൾ സ്കൂളുകൾ തുറന്നതിനാൽ ഷീ പാഡ് വിതരണം പുനരാരംഭിക്കാൻ കഴിയും. ഇതിനായി മൂന്ന് കുടുംബശ്രീ യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കുന്നതിനായി 10.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഇത് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** അധിക തുക കൂടി നല്കിയാൽ ഈ കുടുംബശ്രീ യൂണിറ്റുകൾക്ക് ലാഭകരമായി മുന്നോട്ട് പോകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്</u>:** - മുകളിൽ പറഞ്ഞവയിൽ ഗുഡ് കെയർ യൂണിറ്റ്, ഹരിത കെയർ യൂണിറ്റ് എന്നിവ കുടുംബശ്രീ യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ കുടുംബശ്രീ അംഗങ്ങൾ/ കുടുംബാംഗങ്ങളാണ് ഈ യൂണിറ്റുകളിൽ അംഗങ്ങളായിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റായി രജിസ്റ്റർ ചെയ്യാത്തതിനാൽ കുടുംബശ്രീയുടെ സിക്ക് എം.ഇ. റിവൈവൽ ഫണ്ട്, കോവിഡ് മൂലം പൂട്ടിപ്പോയ യൂണിറ്റുകളെ പുനഃജീവിപ്പിക്കുന്നതിനായുള്ള മൈക്രോ എന്റർപ്രൈസ് റസിലിയസ് ഫണ്ട് (MERF) എന്നിവയൊന്നും ടി യൂണിറ്റുകൾക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ഡയമണ്ട് ക്ലസ്റ്റർ കേന്ദ്രം, മുണ്ടൂർ കുടുംബശ്രീ യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും കഴിഞ്ഞ രണ്ട് വർഷമായി പ്രവർത്തനം നിലച്ചതിനാൽ മേൽപ്പറഞ്ഞ ഫണ്ടുകൾ ഒന്നും തന്നെ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിരിക്കുന്ന പ്രോജക്ട് പ്രകാരം തുക ലഭ്യമാക്കി ഈ യൂണിറ്റുകൾക്ക് നൽകി പുനഃപ്രവർത്തിപ്പിച്ചാൽ അവരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സഹായകരമാകും.

**തീരുമാനം :-** ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**<u>2.4 ഖണ്ഡിക 4.60</u>**

**<u>പുറത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്തും നൂതന പ്രോജക്ടുകൾക്കുള്ള മലപ്പുറം ജില്ലാതല വിദഗ്ധസമിതിയുടെ 12.09.2022 ലെ യോഗ തീരുമാനവും</u> (SRG 1091/22 – CC/576/22).**

**വിഷയം:-** പുറത്തൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര ഡിജിറ്റൽ സർവ്വേ നടത്തുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 169/23*** | ***അടങ്കൽ*** | ***15,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | **പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ വിവരശേഖരണം** | |

ഗ്രാമപഞ്ചായത്തിൽ ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതിന് നൂതന പദ്ധതി എന്ന നിലയിൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇത് കരകുളം ഗ്രാമീണ പഠനകേന്ദ്രം മുഖേന ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ നിരക്കിൽ നടത്താനാണുദ്ദേശിച്ചത്. കരകുളം ഗ്രാമീണ പഠനകേന്ദ്രം ഇത്തരം വിവരശേഖരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലെന്നും 04.10.2018 ലെ 2556/2018/LSGD നമ്പർ ഉത്തരവു പ്രകാരം റോഡ് സർവ്വേക്ക് ഒരു ചതുരശ്ര കിലോമീറ്ററിന് 7000 രൂപയാണ് അനുവദിച്ചിരിക്കുന്ന പരിധിയെന്നും ചൂണ്ടി കാണിച്ച് നൂതന പ്രോജക്ടു കൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റി അനുമതി നിരസിച്ചു.

എന്നാൽ 12.12.2019 ലെ 2834/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ **GIS/GPS** സംവിധാനങ്ങൾ, റോഡ് കൺസൾട്ടൻസി മാപ്പിംഗ്,

ജിയോ മാപ്പിംഗ് എന്നിവയുടെ അക്രഡിറ്റഡ് ഏജൻസിയായി കരകുളം ഗ്രാമീണ പഠന കേന്ദ്രത്തെ അംഗീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടി കാണിച്ച് ഈ ഏജൻസി മുഖേന വിവരശേഖരണം നടത്താനും ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ വീതം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** ഇത് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും പരിശോധിച്ച് സംയുക്തമായി റിപ്പോർട്ട് നൽകണം. ഇത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്</u>**:- KSREC തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-Track Mobile Application- ന്റേയും സേവനം പ്രയോജനപ്പെടുത്തി വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ നടന്നു വരുന്ന റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് ഈ ഗ്രാമപഞ്ചായത്തിൽ അന്തിമഘട്ടത്തിലാണെന്ന് അറിയിച്ചിട്ടുണ്ട്

**തീരുമാനം:-** പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ സർവ്വേയിൽ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് മാത്രമല്ല എന്ന് യോഗം വിലയിരുത്തി. ചീഫ് ടൗൺ പ്ലാനറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണം. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2)ചീഫ് ടൗൺ പ്ലാനർ**
**3)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**4) തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പ്**

**<u>2.4 ഖണ്ഡിക 4.74</u>**

**<u>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്</u>**
**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 29.10.2022 ലെ കത്ത്** (SRG 1236/22 - CC/298/22).

**വിഷയം:** തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 144/23* | ***അടങ്കൽ*** | *3,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി | |

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് 2020-21 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. പ്രവൃത്തി പൂർത്തിയാക്കാത്തതിൽ 2021-22 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി. അറ്റകുറ്റപ്പണി നടത്തി ബൾബുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ ബിൽ തുക നൽകുന്നതിന് ഭരണ സമിതി ഏകകണ്ഠമായി തീരുമാനമെടുത്തു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ പ്രവൃത്തി നടത്തിയ ആൾക്ക് തുക നൽകാൻ കഴിയുന്നില്ല എന്നറിയിച്ചുകൊണ്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയ വിഷയം സംബന്ധിച്ച്.

i. ടെണ്ടർ ഫോമിൽ എസ്റ്റിമേറ്റ് റേറ്റോ, കൃത്യമായ വിവരങ്ങളോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല.

ii. നിരതദ്രവ്യം അടവാക്കിയിട്ടില്ല

iii. ടെണ്ടർ ഫോമിനോടൊപ്പം പ്രാഥമിക കരാർ ഉടമ്പടി സമർപ്പിച്ചിട്ടില്ല

iv. കരാർ ഏറ്റെടുത്ത വ്യക്തി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടകയോ നിയമമനുസൃതമായ അഞ്ചുശതമാനം തുക ഒടുക്കകയോ ചെയ്തിട്ടില്ല.

v. മെയിന്റനൻസ് നടത്തി ബൾബ് സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രം നൽകിയിട്ടില്ല.

**<u>19.12.2022 ലെ തീരുമാനം:-</u>** ഏതു സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെ തെരുവുവിളക്കിന്റെ വാർഷിക അറ്റകുറ്റപ്പണി കരാറുകാരനെ ഏൽപ്പിച്ചതെന്നും പ്രവൃത്തി പൂർത്തിയാക്കിയതെന്നും കത്തിൽ വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ചതും നടത്തിയതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u>**:- ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വാർഷിക പദ്ധതി പ്രകാരം തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുടെ നിർവ്വഹണത്തിനായി 09.09.2020 തീയതി നടത്തിയ ടെണ്ടറിൽ ശ്രീ. കമലാസനൻ പ്രതീക്ഷാ എന്റർപ്രൈസസ് പുതിയവിള മാത്രമാണ് പങ്കെടുത്തത്. ആയതിന്റെ അടിസ്ഥാനത്തിൽ 01.10.2020 തീയതിയിൽ റീ ടെണ്ടർ നടത്തുകയും റീടെണ്ടറിൽ ന്യൂടെക്ക് സെല്യൂഷൻസ് ഇടുക്കി, ശ്രീ. കമലാസനൻ പ്രതീക്ഷാ എന്റെർപ്രൈസസ് പുതിയ വിള എന്നിവർ പങ്കെടുത്തു. തെരുവ് വിളക്ക് അറ്റകുറ്റപ്പണി (144/2023) പദ്ധതിയുടെ നടത്തിപ്പിനായി 05.10.2020 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 7-ാം നമ്പർ തീരുമാന പ്രകാരം ശ്രീ.കമലാസനൻ, പ്രതീക്ഷ എന്റർപ്രൈസസ് പുതിയ വിള എന്ന വ്യക്തിയെ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ 09.10.2020 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25(10) നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കമലാസനൻ, പ്രതീക്ഷ എന്റർ പ്രൈസസ് പുതിയ വിള സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. 27.10.2020 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വ്യക്തിക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് ഫയലിൽ കാണുന്നില്ല. ബൾബുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തിയതായി ജനപ്രതിനിധികളുടെ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.

ടെണ്ടർ നടപടികളിലെ വീഴ്ച പരിഹരിക്കാൻ കഴിയില്ല. എന്നാൽ ഗ്രാമപഞ്ചായത്തു കമ്മിറ്റിയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും അംഗീകരിച്ച ആൾക്കു തന്നെ വർക്ക് ഓർഡർ നൽകിയിട്ടുള്ളതിനാൽ പ്രവൃത്തി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടതിനുശേഷം തുക നൽകാവുന്നതാണ്.

**തീരുമാനം:-**

1) പ്രവൃത്തി പൂർത്തിയാക്കിയെന്ന് ഉറപ്പാക്കി ബിൽ പ്രകാരമുള്ള തുക ഒരു മാസത്തിനകം നൽകാൻ നിർദ്ദേശിക്കുന്നു.
2) ഈ പ്രോജക്ട് നടപ്പാക്കിയത് പരിശോധിച്ച് നടപടി ക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതപ്പെടുത്തി.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

## 2.4 ഖണ്ഡിക 4.75

### 4.75 ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2022 ലെ കത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.08.2022 ലെ A4-306 (1)/22-ാം നമ്പർ കത്തും** (SRG 1234/22 - CC/297/**22)**

**വിഷയം:** തെരുവുവിളക്ക സ്ഥാപിച്ചതിന്റെ തുക കരാറുകാരന നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 143/22*** | ***അടങ്കൽ*** | ***4,91,175 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *4,90,000 രൂപ* |
| | *തനതുഫണ്ട്* | *1175 രൂപ* |
| ***പേര്*** | എൽ.ഇ.ഡി തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ | |

തെരുവുവിളക്ക സ്ഥാപിക്കാനായി 2020-21 ൽ പ്രോജക്റ്റ് എടുത്തിരുന്നു. ശ്രീ കമലാസനൻ, പ്രതീക്ഷ എന്റർപ്രൈസസ് എന്നയാളുടെ ടെണ്ടർ ആണ് അംഗീകരിച്ചത്. കരാറുകാരന് 2021 മാർച്ചിനകം തുക നൽകാത്തതിനാൽ 2021-22 ൽ ഇത് സ്പിൽഓവർ ആയി ഉൾപ്പെടുത്തി. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ഇതുവരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല.

i. ടെണ്ടർ ഫോമിൽ എസ്റ്റിമേറ്റ് റേറ്റോ, കൃത്യമായ വിവരങ്ങളോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല.

ii. നിരതദ്രവ്യം അടവാക്കിയിട്ടില്ല

iii. 20 വാട്സിന്റെ ബൾബ് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പ്രോജക്റ്റ് രൂപീകരിച്ചതും ടെണ്ടർ ക്ഷണിച്ചതും. ടെണ്ടർ ക്ഷണിച്ചപ്പോൾ കരാർ ഏറ്റെടുത്ത ആൾ ഒഴികെ ബാക്കിയെല്ലാവരും 20 വാട്സിന്റെ നിരക്കാണ് രേഖപ്പെടുത്തിയത്. ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിൽ 14 വാട്സ് ബൾബ് വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു. ഇതനുസരിച്ച് 14 വാട്സിന്റെ ബൾബാണ് കരാറുകാരൻ സ്ഥാപിച്ചത്.

iv. കരാർ ഏറ്റെടുത്ത വ്യക്തി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ നിയമാനുസൃതമായ 5 ശതമാനം തുക ഒടുക്കുകയോ ചെയ്തിട്ടില്ല. കരാറിന്റെ എല്ലാ പേജിലും കരാറുകാരൻ ഒപ്പിട്ടിട്ടില്ല.

v. ബൾബിന്റെ ഗുണനിലവാരം സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച്.

**19.12.2022 ലെ തീരുമാനം:-** ഏതു സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെ തെരുവുവിളക്ക് സ്ഥാപിക്കാനുള്ള ജോലി കരാറുകാരനെ ഏൽപ്പിച്ചതെന്നും പ്രവൃത്തി നടപ്പാക്കിയതെന്നും കത്തിൽ വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ചതും പ്രവൃത്തി നടപ്പാക്കിയതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണ്. ഇതു

പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u>**: - ശ്രീ. കമലാസനൻ, പ്രതീക്ഷ എന്റർപ്രൈസസ് പുതിയ വിള എന്നയാൾക്ക് ഗ്രാമപഞ്ചായത്തിന്റെ 09.10.2020 തീയതിയിലെ 25(10) നമ്പർ തീരുമാന പ്രകാരം എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള കൊട്ടേഷൻ അംഗീകാരം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 27.10.2020 ൽ സെക്രട്ടറി ഈ വ്യക്തിക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതുമാണ്. കൊവിഡ് മഹാമാരിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും, പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിയന്തിര ജോലികളുടെ തിരക്കും കാരണം ടെണ്ടർ നടപടികൾക്ക് ശേഷമുള്ള ഫയൽ നടപടിക്രമങ്ങൾ യഥാവിധി പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കാതെ വന്നിട്ടുണ്ട്. ശ്രീ.കമലാസനൻ ഗ്രാമപഞ്ചായത്തിന്റെ മുഴവൻ വാർഡുകളിലും തെരുവ് വിളക്ക് സ്ഥാപിച്ചിട്ടുണ്ടെന്നും ഇവ പ്രവർത്തനക്ഷമമാണെന്നും ജനപ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. തുക ലഭിക്കുന്നതിനായി ഇദ്ദേഹം അപേക്ഷയും ബന്ധപ്പെട്ട രേഖകളും ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചു എങ്കിലും മേൽ സൂചനകൾ പ്രകാരമുള്ള പോരായ്മകൾ പരിഹരിക്കാത്തതിനാൽ ഇതു വരെ ശ്രീ. കമലാസനന് തുക മാറി നൽകുന്നതിന് സാധിച്ചിട്ടില്ല.

ആലപ്പുഴ ഡി.ഡി.പി നൽകിയ റിപ്പോർട്ട് പ്രകാരം ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച പരിഹരിക്കാൻ സാധിക്കുന്നതല്ല. എന്നാൽ ഭരണ സമിതി അംഗീകരിച്ചയാൾക്ക് തന്നെ വർക്ക് ഓർഡർ നൽകിയിട്ടുള്ളതിനാൽ, തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ട ശേഷം പ്രവൃത്തി നടത്തിയ കരാറുകാരന് തുക നൽകുന്നത് ഉചിതമായിരിക്കും എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-**

1) തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചു എന്നുറപ്പാക്കി ഒരു മാസത്തിനകം ബിൽ തുക നൽകാൻ നിർദ്ദേശിക്കുന്നു.
2) ഈ പ്രോജക്ട് നടപ്പാക്കിയത് പരിശോധിച്ച് നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**<u>2.4 ഖണ്ഡിക 4.78</u>**

**<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ</u> 09.12.2022 ലെ MPM/DP/30/2022-ാം നമ്പർ കത്ത് (SRG 1385/22).**

**വിഷയം:** അഭ്യസ്തവിദ്യരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച്.

മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 ൽ പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളായ യുവതി യുവാക്കൾക്ക് സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് പരിശീലനം എന്ന പേരിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ആകെ 75 ഉദ്യോഗാർത്ഥികൾക്ക് വിവിധ ഓഫീസുകളിലും ആശുപത്രികളിലും പരിശീലനം നൽകുന്നു. ഇതിൽ 22 ഉദ്യോഗാർത്ഥികൾ ഡി.എം.എൽ.ടി കോഴ്സ് പാസ്സായിട്ടുള്ളവരാണ്. ഇവരെ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ജില്ലാ ആശുപത്രികളിലേക്കാണ് നിയോഗിച്ചിട്ടുള്ളത്. ഇവർക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നൽകിവരവെ ഇവരുടെ ഡി.എം.എൽ.ടി യോഗ്യത സർട്ടിഫിക്കറ്റുകൾ പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്തവയാണെന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയ ഉദ്യോഗാർത്ഥികൾക്ക് മാത്രമെ ഇത്തരത്തിൽ പരിശീലനം നൽകാവൂ എന്നും അറിയിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ചില സ്ഥാപന മേധാവികൾ പരിശീലനാർത്ഥികളുടെ യോഗ്യത സർട്ടിഫിക്കറ്റിന് അംഗീകാരമില്ല എന്ന കാരണം കാണിച്ച് പരിശീലനത്തിന് നിയോഗിക്കാൻ വിസമ്മതം അറിയിച്ചിട്ടുമുണ്ട്. ഇവർ നിലവിൽ രണ്ട് മാസ കാലയളവിൽ വിവിധ ആശുപത്രികളിൽ പരിശീലനം നേടിയിട്ടുള്ളവരാണ്. പദ്ധതി മാർഗ്ഗരേഖയിൽ എം.എൽ.ടി കോഴ്സുകൾ പൂർത്തിയായവർക്ക് പരിശീലനം നൽകാം എന്ന് മാത്രമെ പരാമർശിക്കുന്നുള്ളൂ. അവ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നേടിയതായി രിക്കണമെന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് മലപ്പുറം ജില്ലാ പഞ്ചായത്ത് 22 ഉദ്യോഗാർത്ഥികളെ വിവിധ ആശുപത്രികളിൽ പരിശീലനത്തിന് നിയോഗിച്ചിട്ടുള്ളത്. പരിശീലനം 2 മാസം പൂർത്തിയാക്കിയിട്ടുള്ളതിനാൽ അവർ സ്റ്റൈപന്റിന് അർഹരുമാണ്. ഡി.എം.എൽ.ടി കഴിഞ്ഞ ഒരു ഉദ്യോഗാർത്ഥിക്ക് പരിശീലനം നൽകുന്നത് വഴി പ്രതിമാസം 8000 രൂപയാണ് സ്റ്റൈഫന്റ് അനുവദിക്കേണ്ടത്. പ്രസ്തുത ഇനത്തിൽ ആകെ 22 ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 8000 രൂപ നിരക്കിൽ 2 മാസത്തേക്ക് ആകെ 3,52,000 രൂപ നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗം യുവതീ-യുവാക്കൾക്ക് സർക്കാർ ഓഫീസുകളിലും, ആശുപത്രികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പരിശീലനം നൽകിയ 22 ഡി.എം.എൽ.ടി ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപന്റ് ഇനത്തിൽ അനുവദിച്ച 3,52,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. ഒപ്പം ഇത്തരം കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തത വരുത്തണമെന്ന ആവശ്യവും സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>**

1) ഡി.എം.എൽ.റ്റി കോഴ്സ് പാസായ 22 പേർക്ക് ഇതുവരെ പരിശീലനം നൽകിയതിനും സ്റ്റൈപന്റ് നൽകിയതിനും സാധൂകരണം നൽകുന്നു.
2) സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള എം.എൽ.റ്റി, ഡി.എം.എൽ.റ്റി സർട്ടിഫിക്കറ്റിനു മാത്രമേ അംഗീകാരമുള്ളൂ എന്ന വിഷയത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. തീരുമാനം നമ്പർ രണ്ട് സംബന്ധിച്ച റിപ്പോർട്ട്.

19.12.2022 ലെ രണ്ടാം നമ്പർ തീരുമാനത്തിന്മേൽ താഴെ പറയും പ്രകാരം ആരോഗ്യവകുപ്പ ഡയറക്ടർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**<u>റിപ്പോർട്ട്</u>** – പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനും അംഗീകാരവുമുള്ള എം.എൽ.റ്റി, ഡി.എം.എൽ.റ്റി കോഴ്സ് പാസ്സായവരെയാണ് ഇത്തരം പരിശീലനത്തിനു തെരഞ്ഞെടുക്കാവൂ എന്ന് ആരോഗ്യ വകുപ്പിന്റെ പ്രതിനിധി യോഗത്തിൽ അറിയിച്ചു.

**തീരുമാനം :–** ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ അടുത്ത കോഓർഡിനേൻ കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**2.5 <u>09.01.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.5. ഖണ്ഡിക 4.14</u>**
**<u>അകത്തേത്തറ ഗ്രാമപഞ്ചായത്ത്</u>**
**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2022 ലെ കത്തും അകത്തേത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.07.2022 ലെ 12-ാം നമ്പർ തീരുമാനവും (SRG 1187/22 - CC/ 748/22)**

**വിഷയം:–** ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബത്തിന് വീട്ടു നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 200/23*** | ***അടങ്കൽ*** | ***30,00,000/- രൂപ (റ്റി.എസ്.പി)*** |
| ***പേര്*** | ***ലൈഫ് ഭവന പദ്ധതി – എസ്.റ്റി*** | |

അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ചീക്കുഴി പട്ടികവർഗ്ഗ കോളനിയിലെ പണിയൻ വഭാഗത്തിലെ താഴെ പറയുന്ന അഞ്ച് കുടുംബങ്ങളുടെ വീട് ജീർണ്ണാവസ്ഥയിലാണ്

1) ശ്രീകലാധരൻ S/o കൃഷ്ണൻകുട്ടി, ചീക്കുഴിക്കളം കോളനി
2) മൂത്ത W/o കൃഷ്ണൻകുട്ടി, ചീക്കുഴിക്കളം കോളനി
3) വേലായുധൻ S/o മാധവൻ, ചീക്കുഴിക്കളം കോളനി
4) മാധവൻ S/o ചാമി, ചീക്കുഴിക്കളം കോളനി
5) കുഞ്ചി W/o പരുക്കൻ, ചീക്കുഴിക്കളം കോളനി

ലൈഫ് ഭവന പദ്ധതിയിൽ ഇവർക്കു വീട്ടു നിർമ്മിച്ചു നൽകണമെന്ന് ഗ്രാമപഞ്ചായത്തിനോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ആവശ്യപ്പെട്ടിരുന്നു. ഇതിനു കാലതാമസം വരുമെന്നതിനാൽ പട്ടിക വർഗ്ഗ വികസന വകുപ്പ് തന്നെ വീട്ടു നിർമ്മിച്ചു നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറോട് ആവശ്യപ്പെട്ടു. ഇതുവരെ നടപടി ഒന്നും ആയില്ല. ഇവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാൻ അർഹരാണെന്ന് ലൈഫ് ജില്ലാ കോഓർഡിനേറ്റർ 16.03.2021 ൽ അറിയിച്ചിരുന്നു. എന്നാൽ ഇവരുടെ പക്കൽ ആവശ്യമായ രേഖകളൊന്നും ഇല്ല. ഇവർക്ക് വീട്ടു നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**09.01.2023 ലെ തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ഈ കുടുംബങ്ങൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് ഇവർക്ക് വീട് നിർമ്മിക്കാനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്. ഇവർ താമസിക്കുന്ന വീടിന്റെ ജീർണ്ണാവസ്ഥ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് വീട് വാസയോഗ്യമല്ലെങ്കിൽ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനു ധനസഹായം നൽകാവുന്നതാണ്.

**തീരുമാനം :-** ഇപ്പോൾ ഇവർ താമസിക്കുന്ന വീട് വാസയോഗ്യമല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ ഇവർക്ക് ലൈഫ് നിരക്കു പ്രകാരം വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**2.5. ഖണ്ഡിക 4.38**
**കടങ്ങോട് ഗ്രാമപഞ്ചായത്ത്**
**തൃശ്ശൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.11.2022 ലെ കത്തും കടങ്ങോടു ഗ്രാമപഞ്ചായത്തിന്റെ 20.09.2022 ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1441/22 - CC/754/22)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകൾ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് കോൺക്രീറ്റിംഗ് നടത്തുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന 13 റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക (രൂപ) |
|---|---|---|---|
| 1 | 200/23 | മണ്ടംപറമ്പ് മിച്ചഭൂമി റോഡ് കോൺക്രീറ്റിംഗ് | 12,69,000 |
| 2 | 210/23 | കൈകുളങ്ങര അമ്പലം സൈഡ് റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 3 | 215/23 | ഉമ്മർ മുസ്ലിയാർ റോഡ് കോൺക്രീറ്റിംഗ് | 7,50,000 |
| 4 | 218/23 | പന്തം പുലാക്കൽ റോഡ് കോൺക്രീറ്റിംഗ് | 6,00,000 |
| 5 | 220/23 | നസ്രത്ത് റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 6 | 224/23 | മഠത്തിൽഞാലിൽ റോഡ് കോൺക്രീറ്റിംഗ് | 2,00,000 |
| 7 | 230/23 | ചിറമനങ്ങോട് വെളുത്തേടത്ത് റോഡ് കോൺക്രീറ്റിംഗ് | 4,00,000 |
| 8 | 236/23 | ബിസ്മി റോഡ് കോൺക്രീറ്റിംഗ് | 8,00,000 |
| 9 | 238/23 | കുഞ്ഞിതറയിൽ റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 10 | 241/23 | ഇയ്യാൽ ജാറം ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 11 | 270/23 | ചേലപ്പുഴ പാലം റോഡ് കോൺക്രീറ്റിംഗ് | 6,00,000 |
| 12 | 272/23 | ഇളയത് ഫാം റോഡ് കോൺക്രീറ്റിംഗ് | 5,00,000 |

| | | | |
|---|---|---|---|
| 13 | 273/23 | ആൾസെയിന്റ്സ് കോളേജ് എ.കെ.ജി റോഡ് കോൺക്രീറ്റിംഗ് | 2,50,000 |

**<u>09.01.2023 ലെ തീരുമാനം</u>** – മെയിന്റനൻസിന്റെ ഭാഗമായി നടത്തുന്ന കോൺക്രീറ്റിംഗിനു മാത്രമാണ് റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാവുന്നത്. ഇത്തരത്തിലുള്ള പ്രവൃത്തി ആണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്:</u>** – മുകളിൽ പറഞ്ഞ 13 റോഡുകളും പുതിയതായി കോൺക്രീറ്റ് ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. കഴിഞ്ഞ പദ്ധതി റിവിഷൻ സമയത്ത് ഈ പ്രോജക്ടുകളെല്ലാം ഒഴിവാക്കി ഈ തുക റീടാറിംഗ് പ്രവൃത്തികളിലേക്ക് തുക വകമാറ്റിയിട്ടുണ്ട്.

**തീരുമാനം:–** ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഈ വിഷയം പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**<u>2.5. ഖണ്ഡിക 4.47</u>**

**<u>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയംജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2022 ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.09.2022 ലെ 2(1)–ാം നമ്പർ തീരുമാനവും (SRG 1470/22 – CC/789/22)**

**വിഷയം:–** തെരുവു വിളക്ക പരിലാനത്തിനുള്ള ഇലക്ട്രീഷ്യന്മാരുടെ വേതനം വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ പരിപാലനം എൽ.ഇ.ഡി ബൾബുകളും അനുബന്ധ സാമഗ്രികളും ഗ്രാമപഞ്ചായത്ത് ടെണ്ടറിലൂടെ നേരിട്ടു വാങ്ങി രണ്ട് ഇലക്ട്രീഷ്യന്മാരെ നിയമിച്ചാണ് നടത്തുന്നത്. ഇലക്ട്രീഷ്യന്മാരുടെ ദിവസ വേതനം 700 രൂപയോ പോൾ ഒന്നിന് 75 രൂപയോ ആണ് നൽകുന്നത്. ഈ നിരക്ക് പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ **G2–44274/2015–**ാം നമ്പർ ഉത്തരവു പ്രകാരമുള്ളതാണ്. ഏഴുവർഷം മുമ്പുള്ള ഈ നിരക്കും വ്യവസ്ഥയും താഴെ പറയും പ്രകാരം പരിഷ്കരിക്കണമെന്ന് ഇലക്ട്രീഷ്യന്മാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശ ചെയ്തിട്ടുണ്ട്. താഴെ പറയുന്നവയാണ് ആവശ്യങ്ങൾ.

1) ഇലക്ട്രീഷ്യന്മാരെ നിയമിക്കുന്നതിന് ദിവസവേതനം എന്ന വ്യവസ്ഥ ഒഴിവാക്കി കരാറടിസ്ഥാനത്തിലാക്കണം.
2) ധനവകുപ്പിന്റെ 11.02.2021 ലെ 29/2021/**Fin** ഉത്തരവിൻ പറയും പ്രകാരം കാറ്റഗറി 2 അനുസരിച്ചുള്ള പ്രതിമാസ വേതനമായ 20,065 രൂപ നൽകണം.
3) മഴയുള്ള ദിവസങ്ങളിൽ അപകടസാധ്യതയുള്ളതിനാൽ പ്രവർത്തി ചെയ്യാൻ കഴിയില്ല. അങ്ങനെയുള്ള ദി വസങ്ങളിൽ ഓഫീസിൽ ഹാജരായി ഒപ്പുവയ്ക്കുന്നുവെങ്കിൽപ്രസ്തുത ദിവസത്തെ വേതനം അനുവദിക്കണം.
4) പഞ്ചായത്തു ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവു പ്രകാരം ഒരു ദിവസം 15 നും 25 നും ഇടയ്ക്ക് തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നുണ്ട് എന്നുറപ്പുവരുത്തണമെന്ന വ്യവസ്ഥ

ഒഴിവാക്കി പകരം എല്ലാ മാസവും അതതു വാർഡുകളിലെ തെരുവ് വിളക്കുകൾ തൃപ്തികരമായി തെളിയിച്ച് പരിപാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് വേതനം അനുവദിക്കുക. അല്ലാത്ത പക്ഷം ആനുപാതികമായി പ്രസ്തുത മാസത്തെ വേതനത്തിൽ കുറവു വരുത്തുന്ന രീതി സ്വീകരിക്കുക.

ഈ ആവശ്യങ്ങൾ പരിഗണിക്കമെന്നതു സംബന്ധിച്ച്

**<u>09.01.2023 ലെ തീരുമാനം</u> :-** നിലാവ് പദ്ധതിയുടെ നടത്തിപ്പ രീതി കൂടി പരിഗണിച്ച് ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട്</u> –** തെരുവു വിളക്ക് പരിപാലനത്തിനായി നിയമിക്കപ്പെടുന്ന ഇലക്ട്രീഷ്യന്മാരുടെ വേതനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിക്കണമെന്ന് അറിയിച്ചിരിക്കുന്നു.

**തീരുമാനം :-** പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾ വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

<u>2.5. ഖണ്ഡിക 4.63</u>
**<u>കാറഡുക്ക ഗ്രാമപഞ്ചായത്ത്</u>**
**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്തും അനുബന്ധരേഖകളും (SRG 1214/22 - CC/501/22)**

**വിഷയം:-** സാങ്കേതികാനുമതി കൂടാതെ നിർമ്മിച്ച കിച്ചൺ ഷെഡിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 102/22*** | ***അടങ്കൽ*** | ***1,20,080/- രൂപ*** |
| | *തനത് ഫണ്ട്* | *1,00,080 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്തു വഹിതം* | *20,000 രൂപ* |
| ***പേര്*** | ***വിശപ്പ് രഹിത കേരളം പദ്ധതി*** | |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷെഡ്ഡിലാണ് മുള്ളേരിയയിലെ ജനകീയ ഹോട്ടൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഹോട്ടൽ മെച്ചപ്പെട്ട രീതിയിൽ ആയപ്പോൾ കിച്ചൺ കം ഷെഡ് പണിയാൻ അസിസ്റ്റന്റ് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കി. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,20,080 രൂപയായിരുന്നു പ്രോജക്ട് അടങ്കൽ. എന്നാൽ സങ്കേതികാനുമതി കൂടാതെ പ്രവൃത്തി ടെണ്ടർ ചെയ്ത് സെക്രട്ടറി നടപ്പാക്കി. ഇതിന്റെ തുക നൽകാൻ ഈ വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ എടുത്ത വാല്യവേഷൻ പ്രകാരം 1,01,331 രൂപയാണ് കരാറുകാരന് നൽകാനുള്ളത്. ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**<u>09.01.2023 ലെ തീരുമാനം</u> :-** സാങ്കേതികാനുമതി കൂടാതെ പ്രവൃത്തി ചെയ്തത് വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്:-</u>** ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് എടുത്തു നൽകിയത്. TS നൽകിയിട്ടില്ല. ക്വട്ടേഷനിലൂടെ അസി.സെക്രട്ടറിയാണ് പ്രോജക്ട് നടപ്പാക്കിയത്.

**തീരുമാനം :-** ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർനടപ്പാക്കേണ്ട പ്രോജക്റ്റ് ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി സാങ്കേതികാനുമതി കൂടാതെ ടെണ്ടറിനു പകരം ക്വട്ടേഷനിലൂടെ നടപ്പാക്കിയത് ഗുരുതര വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന് കർശന നിർദ്ദേശം അസി.സെക്രട്ടറിക്കു നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. പ്രവൃത്തി പൂർത്തിയാക്കിയ സ്ഥിതിക്ക് അസി.എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്**

**<u>2.5. ഖണ്ഡിക 4.73</u>**

**<u>പുന്നയൂർകുളം ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2022 ലെ കത്തും പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.10.2022ലെ 13/1-ാം നമ്പർ തീരുമാനവും (SRG 1266/22 - CC/ 738/22)**

**വിഷയം:-** റർബൻ മിഷൻ പദ്ധതി പ്രകാരം സ്ഥാപിച്ച സി.സി.റ്റി.വി ക്യാമറ, വൈഫൈ ഹോട്ട് സ്പോട്ടുകളുടെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

റർബൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സി.സി.റ്റി.വി ക്യാമറകളും വൈഫൈ ഹോട്ട് സ്പോട്ടുകളും സ്ഥാപിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയിരുന്നു. 32.00 ലക്ഷം രൂപയാണ് റർബൻ മിഷനിൽ നിന്ന് അനുവദിക്കുമെന്നറിയിച്ചിരിരുന്നത്. ഡി.പി.ആർ-ൽ കെൽട്രോൺ മുഖേന പ്രോജക്റ്റ് നടപ്പാക്കാനാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.03.2019 ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം **Kerala Small Scale Industries Development Corporation Ltd. (SIDCO)** നെ പ്രവൃത്തി ഏൽപ്പിച്ചു. **SIDCO** നൽകിയ എസ്റ്റിമേറ്റ് തുക 31,97,912 രൂപയാണ്. അഡ്വാൻസായി 6,39,582 രൂപയും തുടർന്ന് രണ്ടു പാർട്ട് ബില്ലും നൽകിയതടക്കം ഇപ്പോൾ ആകെ 23,97,712 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാതെ തന്നെ മുഴുവൻ തുകയുടെ ബില്ലും സമർപ്പിച്ചെങ്കിലും മുഴുവൻ തുകയും നൽകിയില്ല. ഇനിയും 8,83,923 രൂപ കൂടി നൽകണമെന്ന് **SIDCO** ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലെ ഉത്തരവുപ്രകാരം **SIDCO** സ്വയം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ നേരിട്ടു വാങ്ങാൻ കഴിയൂ. അവസാന ബിൽ നല്കുന്നതിനു മുമ്പ് ഈ വീഴ്ച പരിഹരിക്കേണ്ടതുണ്ട് എന്നതിനാൽ നടപടി ക്രമങ്ങളിലെ അപാകത മാപ്പാക്കി ബാക്കി തുക നൽകുന്നതിന് അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**<u>09.01.2023 ലെ തീരുമാനം</u> :-** ഡി.പി.ആറിൽ കെൽട്രോണിനെ ഉൾപ്പെടുത്തിയതിനുശേഷം പിന്നീട് **SIDCO** യെ പ്രവൃത്തി ഏല്പിച്ചത് വീഴ്ചയാണ്. കൂടാതെ **SIDCO** ഈ പ്രോജക്ട് ചെയ്യാനുള്ള അംഗീകൃത ഏജൻസി അല്ലെന്നിരിക്കെ ടെണ്ടർ നടപടി കൂടാതെ പ്രവൃത്തി ഏല്പിച്ചതും വീഴ്ചയാണ്. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്</u> –** സി.സി.റ്റി.വി ക്യാമറ, വൈഫൈ ഹോട്ട് സ്പോട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആറിൽ നിർവഹണ ഏജൻസിയായി നിശ്ചയിച്ചിരുന്ന കെൽട്രോണിന് പകരം ഭരണ സമിതി തീരുമാന പ്രകാരം സെക്രട്ടറി സിഡ്കോയെ നിർവ്വഹണം ഏൽപ്പിക്കുകയും 23,97,712/- രൂപ സിഡ്കോയ്ക്ക് നൽകുകയും ചെയ്തു. മാത്രമല്ല 29.12.2022 തീയതിയിലെ ഭരണ സമിതി തീരുമാനപ്രകാരം ഫൈനൽ ബില്ലിലെ ബാക്കി തുക കൂടി സിഡ്കോയ്ക്ക് നൽകി. റർബൻ മിഷന്റെ കാലാവധി 31.12.2022 ന് അവസാനിക്കും എന്ന് അറിയിപ്പ് ലഭിച്ചതിനാലും, തുക 7 ദിവസത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ പലിശ സഹിതം തുക ഈടാക്കുന്നതിന് നിയമ നടപടികളിലേക്ക് കടക്കുന്നതാണെന്ന് സിഡ്കോ അറിയിച്ച സാഹചര്യത്തിലാണ് ഫൈനൽ ബില്ലിലെ മുഴുവൻ തുകയും നൽകിയത് എന്നറിയിച്ചിരിക്കുന്നു. തുക നൽകുന്നതിനുള്ള ഭരണസമിതി തീരുമാനം യഥാവിധി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മുഴുവൻ തുകയും പ്രവൃത്തി നടത്തിയ സിഡ്കോയ്ക്ക് നൽകിയിട്ടുള്ള സാഹചര്യത്തിൽ വീഴ്ചകൾ സംബന്ധിച്ച് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങി തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ഡി.പി.ആറിൽ കെൽട്രോണിനെ ഉൾപ്പെടുത്തിയശേഷം ഈ പ്രോജക്ട് ചെയ്യാനുള്ള അംഗീകൃത ഏജൻസി അല്ലാത്ത സിഡ്കോയെ പ്രവൃത്തി ഏല്പിച്ചത് തെറ്റാണ്. ഈ വീഴ്ച നിലനിൽക്കുന്ന സാഹചര്യത്തിൽ അനുമതിയ്ക്കായി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയതിനുശേഷം കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം വരുന്നതിനു മുമ്പ് സിഡ്കോയ്ക്ക് നൽകേണ്ട ബാക്കി തുകയായ 8,83,923 രൂപ കൂടി സിഡ്കോയ്ക്ക് നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ വലിയ വീഴ്ചയാണ്. ഇത് പരിശോധിച്ച് വകുപ്പുതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:-1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

**<u>3. പൊതുവിഷയം</u>**

1) അതിദരിദ്രരായുള്ള 64,006 കുടുംബങ്ങളാണ് കേരളത്തിലുള്ളത്. ഇവരുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇവരുടെ ഉപജീവനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പ്രോജക്ടുകളിൽ സബ്സിഡി നൽകുന്നത് സംബന്ധിച്ച് അവ്യക്തത തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ട്. അതിദരിദ്ര

വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ കഴിയില്ല. ഈ സാഹചര്യത്തിൽ അതിദരിദ്രരുടെ അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടവർക്കു വേണ്ടി തയ്യാറാക്കുന്ന മൈക്രോ പ്ലാനിലെ പ്രോജക്ടുകൾക്ക് 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്ക് ഇത്തരം കുടുംബങ്ങൾക്കും ബാധകമായിരിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

2) എസ്.ആർ.ജി.യുടെ 31.01.2023-ൽ കൂടിയ യോഗം ശുപാർശ ചെയ്ത പ്രകാരമുള്ള തീരുമാനങ്ങൾ

i. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം സംസ്ഥാനതലത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയും വകുപ്പ് മേധാവികളും പ്രത്യേകം അവലോകനം ചെയ്യുന്നുണ്ട്. കേന്ദ്ര വിഹിതം ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ നിർവ്വഹണം കേന്ദ്ര സർക്കാർ പ്രത്യേകം അവലോകനം ചെയ്യും. കേന്ദ്ര സർക്കാരിൽ നിന്ന് തുടർന്നുള്ള ഗഡുക്കൾ ലഭിക്കുന്നത്, ലഭിച്ച വിഹിതത്തിന്റെ ചെലവ് ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Tied Grant, Untied Grant, Health Grant) ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ നിർവഹണം കാര്യക്ഷമമായി നടക്കുന്നു എന്നുറപ്പാക്കാൻ ഇത്തരം വിഹിതമുപയോഗിച്ചുള്ള പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്യാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

ii. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ചില സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മറ്റ് ആവശ്യങ്ങൾക്കും കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കേണ്ടി വരും. ഇപ്രകാരം കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ വാടക നിശ്ചയിച്ചു നൽകുന്നത് PWD (Buildings) ആണ്. തദ്ദേശഭരണ വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗമുള്ള സാഹചര്യത്തിൽ PWD ക്കു പകരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനു (തദ്ദേശ്വസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്) തന്നെ വാടക നിശ്ചയിക്കാവുന്നതാണ്. ഇതിനായി PWD മാന്വൽ പ്രകാരമുള്ള മാനദണ്ഡം പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

iii. ഒരു കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ വരുന്ന എല്ലാ പ്രോജക്ടുകളും സാധ്യതാ പഠനത്തിനുശേഷം തയ്യാറാക്കുന്ന സ്ഥല പരിശോധന, റിപ്പോർട്ട്, പ്ലാൻ, ഡിസൈൻ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനർ ആയ സാങ്കേതിക സമിതിക്ക് നൽകി (ഓൺലൈൻ ആയി) സമിതിയുടെ

അഭിപ്രായവും ഉപദേശവും കൂടി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകണമെന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ വേതനം (ഓണറേറിയം) നൽകുന്നതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർ ശുപാർശ നല്കുന്ന മുറയ്ക്ക് പിന്നീട് തീരുമാനിക്കും.

**നടപടി:- 1) ഡയറക്ടർ ജനറൽ, കില**
**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

iv. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഓഫീസിലും വർക്ക്സൈറ്റിലും ഉണ്ടാകുന്ന സാങ്കേതിക പ്രയാസങ്ങൾ, സംശയങ്ങൾ തുടങ്ങിയവ ദൂരീകരിക്കുന്നതിനും ജീവനക്കാർക്ക് പുതിയ സാങ്കേതികവിദ്യകൾ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദഗ്ധ സമിതി (ഹെൽപ് ഡെസ്ക്) രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിൽ എത്ര പേർ വേണമെന്നും ഓണറേറിയം എത്രയായിരിക്കണമെന്നും സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകുന്ന ശുപാർശ അനുസരിച്ച് പിന്നീട് തീരുമാനിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)ഡയറക്ടർ ജനറൽ, കില**
**3)തദ്ദേശസ്വയംഭരണ (ഇ.ഡബ്ള്യു.എ)വകുപ്പ്**

3) i) മുഴുവൻ പൊതുമരാമത്ത് പ്രവർത്തികളുടെയും കുറഞ്ഞത് ഒരു ശതമാനം പ്രവർത്തികളെങ്കിലും ഓട്ടോ ജനറേഷനിൽ തെരഞ്ഞെടുത്ത് പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് മുമ്പ് തീരുമാനമെടുത്തതാണ്. ഇതിന്റെ നടപടികൾ പൂർത്തിയാക്കി അടുത്ത ഏപ്രിൽ ഒന്നുമുതൽ നടപ്പിൽ വരുത്തണം. ഭാവിയിൽ ഒരു ശതമാനമെന്നത് അഞ്ച് ശതമാനമായി ഉയർത്തണം. ഇതു സംബന്ധിച്ച തുടർനടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

ii) Impact- SPV സംവിധാനം വിപുലപ്പെടുത്താനും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാനും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറേയും നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തി. SPV/ സ്പെഷ്യൽവിംഗ് രൂപീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ മുമ്പ് സമർപ്പിച്ച നിർദ്ദേശം നിലവിലെ സാധ്യതകൾ ഉപയോഗപ്പെടുത്തി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)ഡയറക്ടർ, അർബൻ**
**3)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

iii) KSRRDA എഞ്ചിനീയറിംഗ് സംവിധാനം ഉപയോഗപ്പെടുത്തി Quality Control Lab-ന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ച് KSRRDA ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി തേടി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)ചീഫ് എഞ്ചിനീയർ, KSRRDA**
**3)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

4) കേരളത്തിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് SDRF/CMDRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീട്ട നിർമ്മാണം / പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചവരിൽ ചിലരുടെ വീട് വീണ്ടും വാസയോഗ്യമല്ലാതായിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾ ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ട ലഭിക്കുന്നതിന് പിന്നീട് അപേക്ഷിക്കുകയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇങ്ങനെയുള്ള കുടുംബങ്ങൾക്ക് മുകളിൽ പറഞ്ഞ പ്രകാരം പ്രളയകാലത്തെ ധനസഹായം മുമ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ പോലും അതു പരിഗണിക്കാതെ ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള നിരക്കിൽ ഭവന നിർമ്മാണത്തിനു ധനസഹായം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

5) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രത്യേക ഇടപെടൽ നടത്തണം. ലഭിക്കാനുള്ള മുഴുവൻ വസ്തു നികുതിയും നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം പിരിച്ചെടുക്കണം. വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ നിലനിൽക്കുന്ന താഴെ പറയുന്നതടക്കമുള്ള പോരായ്മകൾ പരിഹരിക്കണം.

(i) കൃത്യമായി പരിശോധന നടത്തി കെട്ടിടങ്ങൾക്ക് വരുത്തിയ വിപുലീകരണം, കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ വരുത്തിയ മാറ്റം എന്നിവ കണ്ടെത്തി തദ്ദേശഭരണ സ്ഥാപനം നികുതി പുനഃക്രമീകരിക്കണം.
(ii) ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ നികുതി കൃത്യമായി പിരിച്ചെടുക്കണം. ടവർ ഇപ്പോൾ ഉപയോഗിക്കുന്ന കമ്പനിയുമായി ബന്ധപ്പെട്ട് കുടിശികയടക്കം പിരിച്ചെടുക്കണം.
(iii) നഗരപ്രദേശങ്ങളിൽ ചില കെട്ടിടത്തിന്റെ നികുതി കണക്കാക്കുന്നതിനും ഉടമസ്ഥനെ കണ്ടെത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നോട്ടീസ് നൽകാൻ പോലും കഴിയാത്ത സാഹചര്യമുണ്ട്. ഇതിന് വാർഡ് കൗൺസിലർ അടക്കമുള്ളവരുടെ സഹായം തേടി നടപടി സ്വീകരിക്കണം.
(iv) താമസമില്ലാത്ത വീടുകൾ, വിദേശ മലയാളികളുടെ വീടുകൾ എന്നിവയുടെ നികുതി കൃത്യമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം.
(v) ചട്ട വിരുദ്ധമായി നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നിർമ്മാണം നിലവിലെ നിയമത്തിനു വിധേയമായി റഗുലറൈസ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കണം.
(vi) നിലവിലെ കെട്ടിടങ്ങൾ GIS/അളന്നു തിരിക്കൽ മാർഗ്ഗത്തിലൂടെ യഥാർത്ഥ നികുതി നിരക്ക് നിശ്ചയിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

നികുതി പിരിച്ചെടുക്കുന്നതിൽ നിലവിലുള്ള മറ്റ് പോരായ്മകൾ പരിഹരിക്കണം. പ്രത്യേക ഇടപെടൽ നടത്തി ഇവ പരിഹരിച്ച് വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ നൽകണം. 'സഞ്ചയ' സോഫ്റ്റ് വെയറിന്റെ സെർവറിന്റെ കപ്പാസിറ്റി കുറവായതിനാൽ ഓഫീസ് സമയത്ത് തടസ്സം നേരിടുന്നു എന്ന സാഹചര്യം ഉണ്ട്. ഇത് പരിഹരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കണം.

താമസമില്ലാത്ത വീടുകൾ, വിദേശമലയാളികളുടെ വീടുകൾ എന്നിവയ്ക്ക് നികുതി കുടിശ്ശിക ഉണ്ടെങ്കിലും ഉടമസ്ഥർ കൃത്യമായി വൈദ്യുതി ചാർജ്ജ്, കുടിവെള്ള ചാർജ്ജ് അടയ്ക്കാറുണ്ട്. ഈ സ്ഥാപനങ്ങളുമായി, പ്രത്യേകിച്ച് KSEBയുമായി, സഹകരിച്ച് കെട്ടിട നികുതിയിലെ കുടിശിക പിരിച്ചെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ച് പ്രായോഗികമായി ഒരു മാർഗ്ഗം ആവിഷ്കരിക്കാനും തുടർനടപടി സ്വീകരിക്കാനും പ്രിൻസിപ്പൽ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വസ്തു നികുതി പിരിച്ചെടുക്കുന്ന തടക്കം തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കണം. ഇത് കൃത്യമായി അവലോകനം ചെയ്യാൻ റൂറൽ ഡയറക്ടറെയും നഗരകാര്യ ഡയറക്ടറെയും ചുമതലപ്പെടുത്തി. ഇതിന്മേൽ സ്വീകരിച്ച നടപടികൾ വകുപ്പ് മേധാവികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)നഗരകാര്യ ഡയറക്ടർ**
**3)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**
**4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**5)തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ്**

6) കൊവിഡ് മഹാമാരിയുടെ കാലത്ത് കൊവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ വിവിധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ സംബന്ധിച്ച കണക്ക് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ / നിർവഹണ ഉദ്യോഗസ്ഥർ ശേഖരിക്കണം. ഇപ്പോൾ ഉപയോഗപ്രദമായതിന്റേയും ഉപയോഗ ശൂന്യമായതിന്റേയും കണക്ക് പ്രത്യേകമെടുത്ത് സൂക്ഷിക്കണം. ഉപയോഗപ്രദമായവ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ ആരോഗ്യ സ്ഥാപനത്തിന് നൽകണം. പാലിയേറ്റീവ് പ്രവർത്തനത്തിന് ഉപയോഗിക്കാൻ കഴിയുന്നവ തദ്ദേശഭരണസ്ഥാപനത്തിന്റെ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഉപയോഗിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

7) ഭിന്നശേഷി വിഭാഗക്കാർക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും വീൽചെയർ വാങ്ങി നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. അരയ്ക്കു താഴെ തളർന്നവർക്കും സഞ്ചരിക്കാൻ കഴിയാതെ തീർത്തും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക് വീൽചെയർ വാങ്ങി നൽകാവുന്നതാണ്. ഇതിനുള്ള പ്രോജക്ടുകൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. ഇതു പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ കൂട്ടിചേർക്കാൻ തീരുമാനിച്ചു.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

8) പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖയിലെ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ്) ഖണ്ഡിക 6.4(B) 3 ൽ പ്രതിപാദിക്കുന്ന കൂടിലെ മത്സ്യകൃഷിക്കുള്ള യൂണിറ്റ് നിരക്ക് 3.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു. 6x4x1.25 മീറ്റർ വലിപ്പമുള്ള ($30m^3$) രണ്ടു കൂടുകൾ അടങ്ങുന്നതാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്. ഇങ്ങനെയുള്ള ഒരു യൂണിറ്റിന്റെ യൂണിറ്റ് ചെലവിന്റെ 40 ശതമാനം തുക പൊതു

വിഭാഗത്തിനും 75 ശതമാനം തുക പട്ടികജാതി വിഭാഗത്തിനും 100 ശതമാനം തുക പട്ടികവർഗ്ഗവിഭാഗത്തിനും നൽകാം. മാർഗ്ഗരേഖയിൽ ഖണ്ഡിക 6.4 (B) 3 ൽ പറയുന്ന മറ്റ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഇതനുസരിച്ച് മാർഗ്ഗരേഖയിൽ മാറ്റം വരുത്താൻ തീരുമാനിച്ചു.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

9) പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ്) കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണത്തിന് (ഖണ്ഡിക 6.3.16) അനുമതിയുണ്ട്. ഇതനുസരിച്ച് ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള കാലിത്തീറ്റ കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങാവുന്നത്. ഇതോടൊപ്പം ടെണ്ടർ, ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഇങ്ങനെ വാങ്ങുന്ന കാലിത്തീറ്റയുടെ വില കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ കുറവുള്ളതായിരിക്കണം. ഇപ്രകാരം വാങ്ങുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ച് താഴെ പറയുന്ന നിബന്ധന കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു. "ടെണ്ടർ, ഇ-ടെണ്ടറിലൂടെ വാങ്ങുന്ന കാലിത്തീറ്റയുടെ ഉല്പാദകർ ഗുണനിലവാരം ഉറപ്പാക്കാൻ കേരള വെറ്റിനറി സർവ്വകലാശാല/ മൃഗസംരക്ഷണ വകുപ്പിന്റെ സാക്ഷ്യപത്രം നൽകേണ്ടതാണ്. ഇത് കാലിതീറ്റ ഉല്പാദകർക്ക് ഉണ്ട് എന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണം."

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

10) വിഷയ മേഖലയെ അടിസ്ഥാനമാക്കിയാണ് പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ നിശ്ചയിക്കുന്നത്. വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി ചുവടെ പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു.

**(എ) ഭരണ നിർവഹണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ**

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിലവിലുള്ള വെറ്റിംഗ് ഓഫീസർ | പുതുതായി ചുമതലപ്പെടുത്തുന്ന വെറ്റിംഗ് ഓഫീസർ |
|---|---|---|---|
| 1 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർമാർ (ബ്ലോക്ക് അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ചുമതല വിഭജിച്ചു നൽകണം) |
| 2 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | എ.ഡി.സി (ജനറൽ) | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ |
| 3 | സെക്രട്ടറി, മുനിസിപ്പാലിറ്റി | നഗരകാര്യ ജോയിന്റ് ഡയറക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ |
| 4 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ |

| | | | |
|---|---|---|---|
| | | | ഓഫീസിലെ അഡീഷണൽ ഡയറക്ടർ (DPL) |
| 5 | സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ | നഗരകാര്യ ഡയറക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (C&SS) |

(ബി) പ്രോജക്ട് ഡയറക്ടർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാപഞ്ചായത്ത്) നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ പ്രോജക്ടുകളുടെ വെറ്റിംഗ് ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർക്ക് (C&SS) ആയിരിക്കും.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4. പ്രത്യേക വിഷയം**

**====================**

**4.1 <u>നൊച്ചാട് ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2022 ലെ കത്തും പേരാമ്പ്ര ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.11.2022 ലെ** A3-4504/22-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 64/23 - CC/**807/**202**2**).**

**വിഷയം:-** ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് അറ്റകുറ്റപ്പണി നടത്തുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 120/23*** | ***അടങ്കൽ*** | ***7,90,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്)*** |
| ***പേര്*** | ***വാളൂർ G.U.P സ്കൂൾ കനാൽ റോഡ് - തുക ഡിപ്പോസിറ്റ് ചെയ്യൽ*** | |

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടസ്ഥതയിലുള്ള വാളൂർ ജി.യു.പി സ്കൂൾ പൊട്ടിപ്പൊളിഞ്ഞതിനാൽ അറ്റകുറ്റപ്പണി ആവശ്യമാണ്. ഈ റോഡ് പുനർ നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് 8.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യണമെന്ന് ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്തു പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇറിഗേഷൻ വകുപ്പിന്റെ റോഡ് പുനർനിർമ്മിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ട് ഉപയോഗിക്കാവുന്നതല്ല. ഇതിനായി അനുവദനീയമായ മറ്റുവിഹിതമുപയോഗിച്ച് ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

4.2 <u>നൊച്ചാട് ഗ്രാമ പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 07.12.2022-ലെ കത്തും ഇറിഗേഷൻ വകുപ്പ് പേരാമ്പ്ര എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.11.2022-ലെ A3 - 4504/2022(1) - നമ്പർ കത്തും അനുബന്ധരേഖകളും (SRG 65/23 - CC/806/22)**

**വിഷയം:-** മുളിയങ്ങൽ വാല്ല്യക്കോട് കനാൽ റോഡ് നിർമ്മാണം സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 119/23* | *അടങ്കൽ* | *27,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്)* |
| *പേര്* | *മുളിയങ്ങൽ വാല്ല്യക്കോട് കനാൽ റോഡ് - തുക ഡെപ്പോസിറ്റ് ചെയ്യൽ* | |

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിന്റെ മുളിയങ്ങൽ വാല്ല്യക്കാട് കനാൽ റോഡ് പൊട്ടിപ്പൊളിഞ്ഞ് ഗതാഗത യോഗ്യമല്ല. ഇത് പുനർ നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 27.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇറിഗേഷൻ വകുപ്പിന്റെ റോഡ് പുനർനിർമ്മാണത്തിന് ഉപയോഗിക്കാവുന്ന തല്ല. ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ അനുവദനീയമായ മറ്റ വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

4.3 <u>മുതലമട ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2022 ലെ കത്തും അനുബന്ധരേഖകളും (SRG 97/23 - CC/868/2023).**

**വിഷയം:-** റെയിൽവേയുടെ ഉടമസ്ഥതയിലുള്ള റോഡ് ടാറിംഗ് നടത്തി അറ്റകുറ്റപ്പണി നടത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 244/23* | *അടങ്കൽ* | *5,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്)* |
| *പേര്* | *നാഗിർപാടം റെയിൽവേ പാലം മുതൽ നാഗിർപാടം കോളനിവരെ റോഡ് ടാറിംഗ്* | |

മുതലമട ഗ്രാമപഞ്ചായത്തിൽ കാമ്പ്രത്തി ചള്ളയിൽ നിന്നും നന്നിയോട്ടിലേക്ക് പോകുന്ന പൊതുമരാമത്ത് റോഡിൽ മുതലമട റെയിൽവേ സ്റ്റേഷനടുത്ത് റെയിൽവേ ട്രാക്ക് കടന്നുപോകുന്ന ഏകദേശം 700 മീറ്റർ നീളത്തിലുള്ള ഭാഗം സതേൺ റെയിൽവേയുടെ ഉടമസ്ഥതയിലുള്ളതാണ്. ഈ റോഡ് തകർന്നിരിക്കുകയാണ്. റോഡ് അറ്റകുറ്റപ്പണിക്ക്

റെയിൽവേ **NOC** നൽകിയിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണിക്ക് ടാറിംഗ് നടത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാവുന്നതല്ല. അനുവദനീയമായ മറ്റു വിഹിതം ഉപയോഗിച്ച് റോഡ് ടാറിംഗ് നടത്താൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.4 <u>ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോട്ടയം</u>**

**കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ 27.01.2023 ലെ** C1-1222/2023-ാം **നമ്പർ കത്തും കോട്ടയം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 27.01.2023 ലെ** C1-1222/2023-ാം **നമ്പർ കത്തും (SRG 176/2023)**

**വിഷയം:-** കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്.

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് അടക്കം വാഴൂർ ബ്ലോക്കു പഞ്ചായത്ത് പ്രദേശത്തെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ട് എടുത്തിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ്, സിവിൽ / ഇലക്ട്രിക്കൽ വർക്ക് എന്നിവ മെഡിക്കൽ രംഗത്തെ മാനദണ്ഡങ്ങൾ കൂടി പാലിച്ച് ചെയ്യേണ്ട പ്രവൃത്തികൾ ആയതിനാൽ എൻ.എച്ച്.എം എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് നടത്തേണ്ടതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം എൻ.എച്ച്.എം ന് ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.5 <u>ചെറൂപ്പ MCH സെന്റർ</u>**

**ബഹു. കുന്നമംഗലം എം.എൽ.എ യുടെ 13.12.2022-ലെ റ്റി-259/2022-ാം നമ്പർ കത്ത്**

**(SRG 19/2023)**

**വിഷയം:-** ചെറൂപ്പ **MCH** യൂണിറ്റിന് സൗകര്യമൊരുക്കുന്നത് സംബന്ധിച്ച്

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്റർ മാവൂർ ഗ്രാമപഞ്ചായത്തിൽ ചെറൂപ്പയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിനു കീഴിലായതിനാൽ ഈ യൂണിറ്റിനാവശ്യമായ മരുന്നും കെട്ടിടങ്ങളും നൽകുന്നതിന് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിനും മാവൂർ ഗ്രാമപഞ്ചായത്തിനും സാധിക്കുന്നില്ല. ചെറൂപ്പ **MCH** യൂണിറ്റിന്റെ വികസനത്തിന് ഫണ്ട് അനുവദിക്കാൻ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് അനുമതി ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ എന്ന നിയമസഭാ ചോദ്യത്തിന് ബ്ലോക്ക് പഞ്ചായത്തിന് തുക ചെലവഴിക്കാൻ

സാധിക്കുകയില്ലാ എന്ന് ബഹു. ആരോഗ്യ -വനിത-ശിശു വികസന വകുപ്പ് മന്ത്രി 15.12.2022-ൽ മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിനും മാവൂർ ഗ്രാമപഞ്ചായത്തിനും ചെറൂപ്പ MCH സെന്ററിന്റെ വികസനത്തിന് തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാവൂർ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2022-ലെ യോഗം ഇതു സംബന്ധിച്ച വിഷയം ചർച്ച ചെയ്തതാണ്. ഇത് മെഡിക്കൽ എജ്യൂക്കേഷൻ വകുപ്പിന്റെ കൂടി അനുമതിയോടെ പരിഗണിക്കേണ്ട വിഷയമാണ് എന്ന് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തിയ പ്രകാരം വിഷയം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിക്കുകയായിരുന്നു. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ തീരുമാനം വന്നതിനുശേഷം പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച ഫയൽ ആരോഗ്യ വകുപ്പിന് തദ്ദേശസ്വയംഭരണവകുപ്പിൽ നിന്ന് കാലതാമസം കൂടാതെ നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

### 4.6 <u>പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2022, 27.12.2022 എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം) പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.12.2022-ലെ 1(6)-ാം നമ്പർ തീരുമാനവും (SRG 154/23 – CC/911/22)**

**വിഷയം:-** കൊവിഡ് മാഹാമാരിക്കാലത്ത് പൾസ് ഓക്സിമീറ്റർ വാങ്ങിയതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 4/23* | *അടങ്കൽ* | *2,18,106/- രൂപ (തനത് ഫണ്ട്)* |
| *പേര്* | *കൊവിഡ് 19 അനുബന്ധ പ്രവർത്തനങ്ങൾ* | |

കൊവിഡ് മഹാമാരിയെ നേരിടുന്നതിന്റെ ഭാഗമായി മറ്റ് പലതിനോടൊപ്പം പൾസ് ഓക്സിമീറ്റർ വാങ്ങാൻ സർക്കാർ അനുമതി ഉണ്ടായിരുന്നു. ഈ സമയത്ത് പൾസ് ഓക്സിമീറ്ററിന്റെ ലഭ്യതക്കുറവുണ്ടായിരുന്നു. ഒപ്പം വിലയിലും വ്യത്യാസമുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ കുറഞ്ഞ നിരക്കിൽ പൾസ് ഓക്സിമീറ്റർ നൽകാമെന്നറിയിച്ച ജൻട്രക്സ് ഇന്റർനാഷണൽ ഇംപക്സ് ആന്റ് ട്രേഡിംഗ് കമ്പനി എൽ.എൽ.പി, അന്നമനട എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ 85 പൾസ് ഓക്സിമീറ്റർ വാങ്ങി. ഒരെണ്ണത്തിന്റെ വില GST ഉൾപ്പെടെ 1,235 രൂപ. GSTയും ഫഡ് സെസ്സും ഉൾപ്പെടെ ആകെ 1,05,655 രൂപ. ഇത് പഞ്ചായത്ത് മെമ്പർമാർ, ആശാ പ്രവർത്തകർ മുഖേന ജനങ്ങളിൽ ഉപയോഗത്തിനായി എത്തിച്ചു. ഇതിന്റെ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) ടെണ്ടർ വിളിച്ചാലും പൾസ് ഓക്സിമീറ്റർ ലഭിക്കാൻ ബുദ്ധിമുട്ടുള്ള ഒരു സാഹചര്യം അന്ന് ഉണ്ടായിരുന്നു എന്നതു പരിഗണിച്ച് അനുമതി നൽകുന്നു.

2) വാങ്ങിയ പൾസ് ഓക്സിമീറ്ററുകളിൽ ഇപ്പോൾ പ്രവർത്തനക്ഷമമായവ PHCയിൽ സൂക്ഷിച്ച് പാലിയേറ്റീവ് രോഗികൾക്കടക്കം പ്രയോജനപ്പെടുത്തണമെന്നും ഇതിന്റെ സ്റ്റോക്ക് (പ്രവർത്തനക്ഷമമായവയുടെയും അല്ലാത്തവയുടെയും) മെഡിക്കൽ ഓഫീസർ സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

**4.7 <u>നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2022-ലെ കത്ത് (SRG 9/23 - CC/780/23)**

**വിഷയം:-** ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഫിറ്റ്നസ് ട്രെയിനറെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 144/23* | *അടങ്കൽ* | *3,00,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | *ഫിറ്റ്നസ് ഫസ്റ്റ് സ്റ്റേജ് - ജീവിതശൈലി രോഗ നിയന്ത്രണ വ്യായാമ പദ്ധതി* | |

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ ജീവിതശൈലീ രോഗങ്ങളെ വ്യായാമത്തിലൂടെ നിയന്ത്രിക്കുന്നതിന് ഒരു ഫിറ്റ്നസ് ട്രെയിനറെ നിയമിച്ചിട്ടുണ്ട്. ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ഫിറ്റ്നസ് ട്രെയിനറുടെ യോഗ്യതയും വേതനവും നിശ്ചയിച്ച നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഫിറ്റ്നസ് ട്രെയിനറുടെ യോഗ്യത എന്തായിരിക്കണമെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹെൽത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.8 <u>വാഴൂർ ഗ്രാമപഞ്ചായത്ത്</u>**

**വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2022-ലെ കത്ത് (SRG 14/2023)**

**വിഷയം:-** വാഴൂർ FHCയിൽ അധികമായി നിയമിച്ച നേഴ്സിന് വേതനം നൽകുന്നത് സംബന്ധിച്ച്

വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറെയും ഒരു ഫാർമസിസ്റ്റിനെയും ഒരു നേഴ്സിനെയും ഗ്രാമപഞ്ചായത്തിൽ നിന്ന് നിയമിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഒരു ഡോക്ടറെയും ഒരു പാരമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത്. ഓരോ വർഷവും നേഴ്സിനെ നിയമിച്ചത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെയാണ്. ഈ വർഷവും നേഴ്സിനെ നിയമിക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ

അനുമതിക്കായി നൽകിയപ്പോൾ FHCയിലെ ശരാശരി ഔട്ട് പേഷ്യന്റിന്റെ എണ്ണവും അധികമായി ഒരു നേഴ്സിനെ കൂടി നിയമിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകാൻ 21.08.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ഇത് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാനായിരുന്നു തീരുമാനമെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് നൽകിയിട്ടില്ല.

കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി അധികമായി നിയമിച്ചതും ഇപ്പോൾ ജോലിയിൽ തുടരുന്നതുമായ സ്റ്റാഫ് നേഴ്സിനെ തുടർന്നും നിയമിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി കൂടാതെയാണ് അധികമായി ഒരു നേഴ്സിനെ നിയമിച്ചത് എന്ന് യോഗം നിരീക്ഷിച്ചു. ഇതുവരെ നിയമിച്ചതിന് സാധൂകരണം നൽകുന്നു. ഇനി തുടർന്ന് നിയമിക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.9 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2022 ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2022 ലെ** H2-2782/22-ാം **നമ്പർ കത്തും (SRG 169/23**- CC/966/2022**)**

**വിഷയം:-** ആലപ്പുഴ ജില്ലയിൽ സമഗ്രപാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 85/23* | *അടങ്കൽ* | *75,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)* |
| *പേര്* | *ആലപ്പുഴ ജില്ലാ പഞ്ചായത്ത് സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി* | |

ആലപ്പുഴ ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളിലും 6 നഗരസഭകളിലും ഗൃഹകേന്ദ്രീകൃത പാലിയേറ്റീവ് പരിചരണ പദ്ധതി 2008 മുതൽ നടന്നുവരുന്നുണ്ട്. കിടപ്പുരോഗികൾക്കാവശ്യമായ എല്ലാ സേവനങ്ങളും നൽകുവാൻ കഴിയുന്നില്ല എന്ന് ജനപ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. അതിനാൽ ജില്ലാ പഞ്ചായത്തും പാലിയേറ്റീവ് പ്രവർത്തനത്തിൽ പങ്കാളിയാകാൻ ഉദ്ദേശിക്കുന്നു. താഴെ പറയുന്നവയാണ് പ്രധാനമായും നടത്താൻ ലക്ഷ്യമിട്ടിരിക്കുന്ന പ്രവർത്തനങ്ങൾ

i. പാലിയേറ്റീവ് നേഴ്സ്മാർക്കും പാലിയേറ്റീവ് സന്നദ്ധ സംഘടനാ പ്രവർത്തകർക്കും വോളന്റിയർമാർക്കും പരിചരണത്തിനും ചികിത്സാരീതി സംബന്ധിച്ചും പ്രത്യേക പരിശീലനം നൽകുക.

ii. ജില്ലാ പഞ്ചായത്ത് ഡിവിഷൻ തിരിച്ച് ടൂവീലർ ഡ്രൈവിംഗ് ലൈസൻസുള്ള ഓരോ പാലിയേറ്റീവ് നേഴ്സിനെ വീതം നിയമിക്കുക. ഇവരുടെ സേവനം പ്രത്യേക ശ്രദ്ധ വേണ്ട രോഗികൾക്ക് ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും വീടുകളിൽ ലഭ്യമാക്കുക.

iii. ഗ്രാമപഞ്ചായത്തുകൾക്കും ഹോം കെയർ പ്രവർത്തനം നടത്തുന്ന രജിസ്റ്റേർഡ് പാലിയേറ്റീവ് സന്നദ്ധ സംഘടനകൾക്കും മരുന്നുകളും ഉപകരണങ്ങളും വാങ്ങി

നൽകുക. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുക. ഇവയടക്കമുള്ളതാണ് ജില്ലാ പഞ്ചായത്തു നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. ഇവ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് പ്രത്യേകമായി പാലിയേറ്റീവ് പരിപാടി ആരംഭിക്കുന്നത് അഭികാമ്യമല്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ പാലിയേറ്റീവ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കേന്ദ്രീകൃത പരിശീലനമടക്കമുള്ള ഇടപെടൽ നടത്താനും ഗ്രാമപഞ്ചായത്തിന് ധനസഹായം നൽകാനും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (പി.പി)വകുപ്പ്**

**4.10 <u>കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്</u>**

**കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2023 ലെ** A2-146/2023-ാം **നമ്പർ കത്ത് (SRG 175/2023)**

**വിഷയം:-** KSEB- വക സ്ഥലം പി.എച്ച്.സിക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ കക്കയം പി.എച്ച്.സി പ്രവർത്തിക്കുന്നത് KSEB യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്. 1965 ൽ നിർമ്മിച്ച ഈ കെട്ടിടം വളരെ ശോചനീയാവസ്ഥയിലാണ്. എന്നാൽ കെട്ടിടം KSEBയുടെ ഉടമസ്ഥതയിലുള്ളതായതിനാൽ ഗ്രാമപഞ്ചായത്തിന് പി.എച്ച്.സിക്കുവേണ്ടി പ്രോജക്ട് ഏറ്റെടുക്കാൻ കഴിയില്ല. കക്കയം പി.എച്ച്.സിയിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് കക്കയം പി.എച്ച്.സി കെട്ടിടവും അനുബന്ധ സ്ഥലവും KSEB യിൽ നിന്നും ഗ്രാമപഞ്ചായത്തിന് വിട്ടു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പി.എച്ച്.സി ഇരിക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകാൻ കഴിയുമോ എന്നതു സംബന്ധിച്ച് KSEBയുടെ കൂടി അഭിപ്രായമാരായാനും ആവശ്യം അനുകൂലമായി പരിഗണിക്കണമെന്ന് KSEBയോടാവശ്യപ്പെടാനും തീരുമാനിച്ചു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം കൂടി ഉൾപ്പെടുത്തി വകുപ്പു മുഖേന KSEB യോട് ഇത് പരിഗണിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- ചീഫ് എഞ്ചിനീയർ, KSEB**
**തദ്ദേശസ്വയംഭരണ (ആർ.ഇ)വകുപ്പ്**

**4.11 <u>കുളത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2022 ലെ കത്തും കുളത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2022 ലെ** A1/600/21-ാം **നമ്പർ കത്തും. (SRG 585/22 - CC/358/2022).**

**വിഷയം:-** ആംബുലൻസിന്റെ ദൈനംദിന ചെലവിന് ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കുന്നതു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ കുളത്തൂർ ഗ്രാമപഞ്ചായത്ത് 2020-21 ൽ ആംബുലൻസ് വാങ്ങിയിരുന്നു. ആവർത്തന ചെലവ് ആംബുലൻസിന്റെ വരുമാനത്തിൽ നിന്നു കണ്ടെത്തണമെന്നും ആംബുലൻസിന്റെ പ്രവർത്തന ചുമതല ഗ്രാമപഞ്ചായത്തിലെ രണ്ട് പി.എച്ച്.സി കളിൽ ഏതെങ്കിലും ഒന്നിനു നൽകണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ കൊവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ആംബുലൻസ് സേവനം പൊതു ജനങ്ങൾക്ക് സൗജന്യമായാണ് നൽകിയത്. ഇന്ധനം, ഡ്രൈവറുടെ വേതനമടക്കമുള്ള മറ്റു ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിച്ചു. എന്നാൽ കൊവിഡ് വ്യാപനത്തിന്റെ സാഹചര്യം ഇപ്പോൾ ഇല്ലാത്തതിനാൽ ആവർത്തന ചെലവ് വഹിക്കണമെന്ന് ആംബുലൻസിന്റെ ഉടമസ്ഥതയുള്ള കുളത്തൂർ എഫ്.എച്ച്.സിയുടെ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടു. എന്നാൽ മതിയായ എച്ച്.എം.സി ഫണ്ട് ഇല്ലാത്തതിനാൽ ആവർത്തന ചെലവ് വഹിക്കാൻ ബുദ്ധിമുട്ടാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു മാസമായി ഡ്രൈവർക്ക് വേതനം നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ആവശ്യത്തിന് തനത് ഫണ്ട് ഉണ്ടെന്ന് ചൂണ്ടികാണിച്ച് തനതു ഫണ്ടുപയോഗിച്ച് ആംബുലൻസിന്റെ ആവർത്തന ചെലവ് വഹിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) അനുമതി നിരസിച്ചു. കൊവിഡ് പശ്ചാത്തലം കഴിഞ്ഞതിനാൽ ഇനി മുതൽ എച്ച്.എം.സി വിഹിതത്തിൽ നിന്ന്/ ആംബുലൻസിന്റെ വരുമാനത്തിൽ നിന്ന് തന്നെ ആവർത്തന ചെലവ് കണ്ടെത്തണമെന്നും അതിനനുസരിച്ച് ആംബുലൻസിന്റെ വാടകയടക്കം ക്രമപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. ഇതുവരെയുള്ള ഡ്രൈവറുടെ വേതനം തനതു ഫണ്ടിൽ നിന്നു ചെലവഴിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.12 <u>ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2022 ലെ <u>കത്തും</u> (SRG 161/23 - CC/883/22)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററും വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| *I)* | ***പ്രോ.നം: 111/23*** | ***അടങ്കൽ*** | ***50,000/- രൂപ*** *(സി.എഫ്.സി റൈഡ് ഗ്രാന്റ്)* |
| | ***പേര്*** | ***സ്കൂളുകളിലേക്ക് സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ*** | |
| *II)* | ***പ്രോ.നം. 112/23*** | ***അടങ്കൽ*** | ***7,00,000 രൂപ*** *(സി.എഫ്.സി റൈഡ് ഗ്രാന്റ്)* |
| | ***പേര്*** | ***സ്കൂളുകളിലേക്ക് സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ*** | |

ബ്ലോക്കു പഞ്ചായത്ത് പ്രദേശത്ത് സർക്കാർ ഉടമസ്ഥതയിൽ 5 ഹൈസ്കൂളും 11 യു.പി. സ്കൂളുകളും 5 ഹയർ സെക്കണ്ടറി സ്കൂളുകളും ഉണ്ട്. ഈ സ്കൂളുകളിലായി ആകെ 1731 വിദ്യാർത്ഥിനികൾ പഠിക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ ജില്ലാ പഞ്ചായത്തിനു

കൈമാറിയ സ്ഥാപനങ്ങളാണ്. ബ്ലോക്ക പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഈ സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററും സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

## 4.13 കേരള ഫീഡ്സ് ലിമിറ്റഡ്

**സർക്കാരിന്റെ 26.10.2022 ലെ** DA1/363/2022**-ാം നമ്പർ കത്തും കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 16.09.2022 ലെ** KFL/444/99/L79/SRO/22**-ാം നമ്പർ (SRG 1209/22)**

**വിഷയം:-** മൃഗസംരക്ഷണം - കാലിത്തീറ്റ വാങ്ങുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം കറവ പശുക്കൾക്ക് കാലിത്തീറ്റ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ സബ്സിഡി നൽകുന്നുണ്ട്. കേരള ഫീഡ്സിന്റേയും മിൽമയുടേയും കാലിത്തീറ്റ വാങ്ങി ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ഇതൊടൊപ്പം ഗുണ നിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും വാങ്ങാൻ അനുമതിയുണ്ട്. ഇങ്ങനെ വാങ്ങുമ്പോൾ കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ വിലക്കുറവുണ്ടാകണം എന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സ് മാനേജിംഗ് ഡയറക്ടറുടെ 17.08.2020 ലെ കത്തിലൂടെ ആവശ്യപ്പെട്ടതനുസരിച്ച് 03.06.2021 ലെ 1090/2021/തസ്വഭവ ഉത്തരവു പ്രകാരം കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ വാങ്ങിയതിനുശേഷമേ മറ്റ സ്ഥാപനങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങാവൂ എന്ന് നിർദ്ദേശമുണ്ട്. അതിനാൽ ടെണ്ടർ ഇ-ടെണ്ടർ മുഖേന വാങ്ങുമ്പോൾ കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങണമെന്ന് മാർഗ്ഗരേഖയിൽ കൂട്ടിചേർക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങണമെന്ന ആവശ്യം പരിഗണിച്ചില്ല. മാർഗ്ഗരേഖയിൽ പറയും പ്രകാരം കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്നു വാങ്ങുന്നതിനു മുൻഗണന നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഒപ്പം കേരള ഫീഡ്സ്, മിൽമ ഉല്പന്നങ്ങളേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുറപ്പാക്കി മറ്റ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാനുള്ള അനുമതി തുടരാൻ തീരുമാനിച്ചു. എന്നാൽ ടെണ്ടറിലൂടെ വാങ്ങുന്ന കാലിത്തീറ്റയുടെ ഉല്പാദകർ ഗുണനിലവാരം ഉറപ്പാക്കാൻ കേരള വെറ്റിനറി സർവ്വകലാശാല /മൃഗസംരക്ഷണ വകുപ്പിന്റെ സാക്ഷ്യപത്രം നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഇത് ഉണ്ട് എന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.14 <u>പനമരം ബ്ലോക്ക് പഞ്ചായത്ത്</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 106/2023 – CC / 737/2022 – DA1/440/2022/LSGD).**

**വിഷയം:-** മൃഗ പരിപാലനത്തിന് സഞ്ചരിക്കുന്ന മൃഗാശുപത്രി സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 61/23* | *അടങ്കൽ* | *12,00,00 രൂപ* |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *8,00,000 രൂപ* |
| | *മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്* | *3,00,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,00,000 രൂപ* |
| ***പേര്*** | ***സഞ്ചരിക്കുന്ന മൃഗാശുപത്രി*** | |

സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പദ്ധതി പനമരം ബ്ലോക്ക് പഞ്ചായത്ത് 2019–20 വർഷം മുതൽ നടപ്പാക്കുന്നു. നൂതന പദ്ധതിയെന്ന നിലയിലാണ് 2019–20 ൽ ഈ പ്രോജക്റ്റ് പനമരം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ 2021–22 വർഷവും ഈ പ്രോജക്റ്റ് നടപ്പാക്കി. ഈ വർഷവും പ്രോജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. പശുക്കളേയും മറ്റ് വളർത്തു മൃഗങ്ങളേയും വീട്ടിൽ ചെന്ന് ചികിത്സ ഉറപ്പാക്കുന്നതാണ് പദ്ധതി. ഒരു വെറ്റിനറി ഡോക്ടർ, ഡ്രൈവർ കം അറ്റന്റർ എന്നിവർക്കു വേതനവും ഇവർക്ക് സഞ്ചരിക്കാൻ വാഹനവും ആണ് പ്രോജക്റ്റ് കൊണ്ടുദ്ദേശിക്കുന്നത്. മുൻവർഷങ്ങളിലെ പോലെ മൃഗസംരക്ഷണ രംഗത്ത് പത്തുവർഷം പരിചയമുള്ള ഡോക്ടറെ നിയമിക്കുന്നു. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-**

**1)** ഈ വർഷം മുതൽ ഗുണഭോക്താക്കളിൽ നിന്ന് 100 രൂപ വീതം വാങ്ങുന്നുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട് എന്നത് യോഗം പരിഗണിച്ചു. ഇത് ഒരു മാതൃകയാക്കി ഒരു സംരംഭക മോഡലിൽ ഈ പ്രോജക്റ്റ് നടപ്പാക്കുന്നതാണ് നല്ലത് എന്ന് നിർദ്ദേശിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന തുക ഒരു പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ച് സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ നല്ലൊരു ശതമാനം ചെലവ് സ്വന്തമായി കണ്ടെത്തി പ്രോജക്റ്റ് തുടരാൻ നിർദ്ദേശിക്കുന്നു.

**2)** ഇപ്പോഴത്തെ പ്രോജക്റ്റിൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ആയി 3.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.15 <u>പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത്</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2022-ലെ കത്ത് (SRG 10/23 - CC/672/23)**

**വിഷയം:-** കോഴിത്തീറ്റ സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 140/23* | *അടങ്കൽ* | *1,68,000/- രൂപ (തനത് ഫണ്ട് - 80,000 രൂപ ഗുണഭോക്തൃ വിഹിതം 88,000 രൂപ ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിലേയ്ക്കടയ്ക്കും)* |
|---|---|---|
| *പേര്* | *കോഴിത്തീറ്റ സബ്സിഡി* | |

ഗ്രാമപഞ്ചായത്തിൽ 30-ൽ അധികം മുട്ടക്കോഴികളെ വളർത്തുന്ന കോഴി കർഷകന് പ്രതിമാസം 1000 രൂപ പ്രകാരം നാലു മാസത്തേക്ക് കോഴിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട്. ഒരു മാസത്തേയ്ക്ക് 2,100 രൂപയുടെ കോഴിത്തീറ്റയാണ് വേണ്ടത്. ബാക്കി തുക ഗുണഭോക്താവ് വഹിക്കും. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ സംരംഭക സ്വഭാവത്തോടെ പൗൾട്രി യൂണിറ്റ് തുടങ്ങുന്നവർക്ക് (കുറഞ്ഞത് 1000 കോഴികളെ വളർത്തുന്നവർക്ക്) കോഴിത്തീറ്റ നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.16 <u>ക്ഷീര വികസന വകുപ്പ്</u>

**ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ 19.12.2022-ലെ 798/MIN** (AH &DD) /2022—ാം **നമ്പർ കത്ത് (SRG 136/2023)**

**വിഷയം:-** 'ക്ഷീര ഗ്രാമം' പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുന്നതു സംബന്ധിച്ച്

ക്ഷീര വികസന വകുപ്പ് ഗ്രാമപഞ്ചായത്ത് തലത്തിൽ "ക്ഷീരഗ്രാമം" പദ്ധതി നടപ്പാക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ രണ്ട് പശു, 5 പശുക്കളുള്ള ഡയറി യൂണിറ്റ്, തൊഴുത്ത് നിർമ്മാണം, കറവയന്ത്രം തുടങ്ങിയവയ്ക്ക് ധനസഹായം നൽകി പാലുല്പാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ഒരു ഗ്രാമപഞ്ചായത്തിന് 50 ലക്ഷം രൂപ വകയിരുത്തി 2021-22-ൽ 10 ഗ്രാമപഞ്ചായത്തുകളിൽ ഇതു നടപ്പാക്കി. നടപ്പുവർഷം ഇത് 20 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിച്ചു. ഗ്രാമപഞ്ചായത്തുകൾ ഉല്പാദന മേഖലയ്ക്ക് വകയിരുത്തുന്ന തുകയിൽ നിന്ന് 25 ലക്ഷം രൂപ മാറ്റി വച്ചാൽ 75 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയും. ഒപ്പം അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ നിർബന്ധമായും ആവശ്യമായ തുക ക്ഷീര ഗ്രാമപദ്ധതിക്ക് വകയിരുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** **1)** താല്പര്യമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേക വിഹിതം ആവശ്യമെങ്കിൽ വകയിരുത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.17 <u>പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**

**പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.11.2022 ലെ കത്തും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.01.2023 ലെ കത്തും (SRG 28/2023)**

**വിഷയം:-** മൃഗസംരക്ഷണത്തിന്റെ ഭാഗമായി സഞ്ചരിക്കുന്ന മൃഗാശുപത്രി സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്

| **പ്രോ.നം: 149/23** | **അടങ്കൽ** | **20,00,000/- രൂപ** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *5,00,000 രൂപ* |
| | *മെയിന്റനൻസ് ഗ്രാന്റ് - റോഡ്* | *5,00,000 രൂപ* |
| | *മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വിഹിതം* | *10,00,000 രൂപ* |
| **പേര്** | **വെറ്റ് ഓൺ വീൽസ്** | |

പുൽപ്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകൾ ചേർന്ന് നടപ്പാക്കുന്ന പ്രോജക്ടാണിത്. വളർത്തുമൃഗങ്ങൾക്ക് അടിയന്തിര ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പ്രോജക്ട് ഈ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. ഈ പ്രോജക്ട് നൂതന ഗണത്തിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഇത് ഈ വർഷവും തുടർന്നുള്ള വർഷങ്ങളിലും നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഡോക്ടറെ നിയമിക്കുക, വാഹനം, സഹായി തുടങ്ങിയവരെ നിശ്ചയിക്കുന്നതു സംബന്ധിച്ച് വിശദാംശം നൽകിയിട്ടില്ല. സഞ്ചരിക്കുന്ന മൃഗാശുപത്രിയിലൂടെ തീർത്തും സൗജന്യമായി സേവനം നൽകുന്നതിനു പകരം ന്യായമായ ഫീസ് ഈടാക്കികൊണ്ട് സംരംഭക മാതൃകയിൽ നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. ഇതുവഴി സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തന ചെലവ് വരുമാനത്തിൽ നിന്നു കണ്ടെത്തി ഭാവിയിൽ പൂർണ്ണമായും സംരംഭക മാതൃകയിലേയ്ക്ക് ഇത് മാറ്റാൻ കഴിയുമെന്നും യോഗം നിരീക്ഷിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.18 <u>എറിയാട് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2023 ലെ കത്തും എറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.12.2022 ലെ** A5-7541/20-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 162/23 - CC/866/22)**

**വിഷയം:-** ക്ഷീരകർഷകർക്ക് കറവയന്ത്രം വാങ്ങി നൽകുന്നതു സംബന്ധിച്ച്

| പ്രോ.നം: 180/23 | അടങ്കൽ | 1,50,000/- രൂപ (വികസനഫണ്ട് ജനറൽ) |
|---|---|---|
| പേര് | ക്ഷീര കർഷകർക്ക് കറവയന്ത്രം | |

ക്ഷീരകർഷകർക്ക് കറവയന്ത്രം നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ISI/BIS മുദ്രയുള്ള കറവയന്ത്രം വാങ്ങി നൽകുമ്പോഴാണ് സബ്സിഡി നൽകാവുന്നത്. ISI/BIS മുദ്രയുള്ള കറവയന്ത്രം വിപണിയിൽ ലഭ്യമല്ലാത്തതിനാൽ വിപണിയിൽ ലഭ്യമായ ഗുണമേന്മയുള്ള കറവയന്ത്രം വാങ്ങുന്നതിന് സബ്സിഡി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ISI/BIS മുദ്ര, സർക്കാരിന്റെ/ ഉത്തരവാദിത്വപ്പെട്ട ഏജൻസിയുടെ ഗുണനിലവാരമുള്ള സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഉള്ള കറവയന്ത്രം മാത്രമേ വാങ്ങി നൽകാവൂ എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.19 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**ബഹു. കുന്നംകുളം എം.എൽ.എ.യുടെ 11.01.2023-ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.10.2021-ലെ DPT/A3-2478/2018-ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 18.10.2022-ലെ 11(2)-ാം നമ്പർ തീരുമാനവും. (SRG 135/2023).**

**വിഷയം:-** ചേറ്റുവ കോട്ട നവീകരിച്ച് വിനോദ സഞ്ചാരമാക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 1037/23 | അടങ്കൽ | 65,00,000 രൂപ (വികസനഫണ്ട് ജനറൽ) |
|---|---|---|
| പേര് | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - ചേറ്റുവ കോട്ട വിനോദ സഞ്ചാര കേന്ദ്രം - വികസനത്തിനു സ്ഥലം വാങ്ങൽ | |

തൃശ്ശൂർ ജില്ലയിലെ ചേറ്റുവ കോട്ടയുടെ നവീകരണം പുരാവസ്തു വകുപ്പ് നടപ്പാക്കുന്നതിനും ചേറ്റുവകോട്ടയ്ക്ക് പുറത്തുള്ള വികസന പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും പുരാവസ്തു വകുപ്പ് ഡയറക്ടറുമായി ചർച്ച നടത്തി ജില്ലാ പഞ്ചായത്ത് ധാരണയിലെത്തിയിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പിന്റെ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ ഈ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ചേറ്റുവകോട്ട വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് കോട്ടയ്ക്കു പുറത്ത് കുട്ടികളുടെ പാർക്ക്, ടോയിലറ്റ് ബ്ലോക്ക്, കഫതേരിയ തുടങ്ങിയവ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കണം. ചേറ്റുവകോട്ട വിനോദ സഞ്ചാര കേന്ദ്രമായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വികസിപ്പിക്കുന്നതിനും ആവശ്യമായ ഭൂമി വാങ്ങുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പുരാവസ്തു വകുപ്പിന്റെ രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയ ശേഷം ഭൂമി വാങ്ങുന്നതിനുള്ള അനുമതി നൽകുന്നു. ഒപ്പം CZR നിയമം ബാധകമാണെങ്കിൽ അതും പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ഇ)വകുപ്പ്**

**4.20 <u>കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്</u>**

**<u>ബഹു. വള്ളിക്കുന്ന് എം.എൽ.എയുടെ 27.12.2022 ലെ കത്തും കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2022 ലെ കത്തും</u> (SRG 60/23).**

**വിഷയം:-** ഭിന്നശേഷിക്കാരായ കുട്ടികളുടെ ബ്ലോക്കുതല കലാകായിക മത്സരങ്ങൾ നടത്തുന്നതു സംബന്ധിച്ച്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ബ്ലോക്ക് തല കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന മത്സരങ്ങൾക്കുശേഷം മത്സരയിനങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികളേയും അവരുടെ രക്ഷകർത്താക്കളേയും പങ്കുടുപ്പിച്ചാണ് മാർഗ്ഗരേഖപ്രകാരം ബ്ലോക്ക് തല മത്സരം സംഘടിപ്പിക്കേണ്ടത്. ഇതു പ്രായോഗികമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികളേയും അവരുടെ രക്ഷകർത്താക്കളേയും ബ്ലോക്കുതലത്തിലും പങ്കെടുപ്പിച്ച് മത്സരം സംഘടിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** മത്സരത്തിന്റെ അടിസ്ഥാനത്തിലോ മറ്റേതെങ്കിലും സ്ക്രീനിംഗിലൂടെ യല്ലാതെ ബ്ലോക്കുതലത്തിലേക്ക് കുട്ടികളെ തെരഞ്ഞെടുത്താൽ മത്സരാർത്ഥികളുടെ എണ്ണം നിയന്ത്രണത്തി നപ്പുറമാകും എന്ന് യോഗം നിരീക്ഷിച്ചു.

ഗ്രാമപഞ്ചായത്തു തലത്തിലെ ഒന്ന്, രണ്ട് മൂന്ന് സ്ഥാന ത്തിലെത്തുന്ന എല്ലാവർക്കും സമ്മാനവും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യം പരിഗണിക്കേ ണ്ടതില്ല എന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.21 <u>കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്</u>**

**ബഹു. വള്ളിക്കുന്ന് എം.എൽ.എ.യുടെ 13.12.2022-ലെ കത്തും കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2022-ലെ കത്തും, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.10.2022-ലെ 6(4)-ാം നമ്പർ തീരുമാനവും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2022-ലെ കത്തും (SRG 155/23)**

**വിഷയം:-** ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി ഇലക്ട്രിക് വീൽ ചെയർ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 57/23* | *അടങ്കൽ* | *12,00,000/- രൂപ (വികസനഫണ്ട് -ജനറൽ)* |
| *പേര്* | *ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഇലക്ട്രിക് വീൽ ചെയർ* | |

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഇലക്ട്രിക് വീൽ ചെയർ വാങ്ങി നൽകാൻ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിക്കാർക്കുള്ള ഇത്തരം ഉപകരണങ്ങൾ വാങ്ങി നൽകാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ ചേലന്ത്ര ഗ്രാമപഞ്ചായത്ത് മാത്രമാണ് ഈ ആവശ്യത്തിന് ഈ വർഷം പ്രോജക്ട് എടുത്തിരിക്കുന്നത്. മറ്റു ഗ്രാമപഞ്ചായത്തുകളിൽ നിന്നു കൂടി ഗുണഭോക്തൃ ലിസ്റ്റ് ശേഖരിച്ച് ഈ വർഷത്തേയ്ക്ക് മാത്രം ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിക്കുന്നു.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.22 <u>ചെങ്കള ഗ്രാമ പഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2022-ലെ കത്തും ചെങ്കള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.09.2022-ലെ 1(4)-ാം നമ്പർ തീരുമാനവും (2 ഫയലുകൾ) (SRG 5/23 - CC/772/22, CC/771/22)**

**വിഷയം:-** ഭിന്നശേഷി വിഭാഗക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 462/23* | *അടങ്കൽ* | *10,00,000/- രൂപ (തനത് ഫണ്ട് )* |
| *പേര്* | *ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ* | |

ഭിന്നശേഷി വിഭാഗക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകാൻ ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക്/ജില്ലാ പഞ്ചായത്തു കൾക്കാണ് ഈ പ്രോജക്ട് നടപ്പാക്കാവുന്നത്. ഗ്രാമപഞ്ചായത്തിൽ അൻപതോളം പേർ ഇതിനായി അപേക്ഷ നൽകിയിട്ടുണ്ട് എന്നു ചൂണ്ടിക്കാണിച്ച് ഈ പ്രോജക്ട് ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ വർഷത്തേക്ക് പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.23 <u>മലയിൻകീഴ് ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.200 ലെ കത്തും മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.10.2022 ലെ 1(17)-ാം നമ്പർ തീരുമാനവും (SRG 128/2023- CC/862/2022)**

**വിഷയം:-** ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 111/23 | അടങ്കൽ | 4,84,995/- രൂപ (വികസനഫണ്ട് ജനറൽ) |
|---|---|---|
| പേര് | വികലാംഗർക്ക് ട്രൈസ്കൂട്ടർ നൽകൽ | |

കഴിഞ്ഞവർഷം (2021-22) ൽ ഭിന്നശേഷി വിഭാഗക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് പ്രോജക്ട് എടുത്തിരുന്നു. 21 ഗുണഭോക്താക്കൾ ലിസ്റ്റിലുണ്ടായിരുന്നു. 6 പേർക്ക് ട്രൈസ്കൂട്ടർ നൽകി. പുതിയ മാർഗ്ഗരേഖ പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകാവുന്നത് ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനുമാണ്. ബാക്കിയുള്ള ഗുണഭോക്താക്കൾക്കും കൂടി ട്രൈസ്കൂട്ടർ വാങ്ങി നൽകാൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.24 <u>താനൂർ നഗരസഭ</u>**

**താനൂർ മുനിസിപ്പൽ ചെയർമാന്റെ 24.01.2022 ലെ കത്തും താനൂർ മുനിസിപ്പാലിറ്റിയുടെ 19.01.2022 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 174/23)**

**വിഷയം:-** ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം: 25/23 | അടങ്കൽ | 10,00,000/- രൂപ (വികസനഫണ്ട് - ജനറൽ |
|---|---|---|
| പേര് | ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽ ചെയർ | |

താനൂർ മുനിസിപ്പാലിറ്റിക്ക് ഈ വർഷം ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇതുൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.25 <u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.22 ലെ കത്തും പാലക്കാട് ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയുടെ 17.12.2022 ലെ** BDO PKD/2578/22-C **നമ്പർ കത്തും (SRG 86/2023**- CC/**921**/2022**)**

**വിഷയം:-** കാഴ്ച ശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 137/23 | അടങ്കൽ | 1,00,000/- രൂപ |
|---|---|---|
| | വികനസഫണ്ട് ജനറൽ | 75,000 രൂപ |
| | തനത് ഫണ്ട് | 25,000 രൂപ |
| പേര് | കാഴ്ച ശക്തിയില്ലാത്തവർക്ക് മൊബൈൽ വാങ്ങി നൽകൽ | |

കാഴ്ച ശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് 1.00 ലക്ഷം രൂപ വീതം അടങ്കലുള്ള രണ്ടു പ്രോജക്ടുകൾ പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനുമായി തയ്യാറാക്കിയിട്ടുണ്ട്. ബ്ലൈൻഡ് ഫെഡറേഷൻ മൊബൈൽ ഫോണിന്റെ സ്പെസിഫിക്കേഷൻ

നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ വർഷത്തേക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. പരമാവധി ധനസഹായം 3000 രൂപയായി പരിമിതപ്പെടുത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ )വകുപ്പ്**

**4.26 <u>തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2022 ലെ കത്തും തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.08.2022 ലെ 11(1)-ാം നമ്പർ തീരുമാനവും (SRG 100/23 - CC/852/2022).**

**വിഷയം:-** മാനസിക വെല്ലുവിളി നേരിടുന്ന ആൾക്ക് ശ്വസനോപകരണം വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 196/23* | *അടങ്കൽ* | *30,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | *സെറിബ്രൽ പാൾസി രോഗം ബാധിച്ച വ്യക്തിക്ക് ശ്വസനോപകരണം* | |

തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ സരസ.പി നായർ, ഓംകാരം, വെള്ളിയാംകുളം എന്ന ആളുടെ മാനസിക വെല്ലുവിളി നേരിടുന്ന 50 വയസ്സുള്ള മകന് **Obstructive Sleep Apnea Syndrome** എന്ന അവസ്ഥയുണ്ട്. ഉറങ്ങുന്ന സമയത്ത് ശ്വാസതടസ്സം ഉണ്ടാകും എന്നതിനാൽ **Curasa SPAP** മെഷീന്റെ സഹായം ആവശ്യമുണ്ടെന്ന് ഡോക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളായതിനാൽ ഈ ഉപകരണം വാങ്ങി നൽകാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.27 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2023 ലെ കത്തും ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 30.12.2022 ലെ DP (5) - 2099/ 22-ലെ കത്തും (SRG 145/23 - CC/13/2023).**

**വിഷയം:-** ശുദ്ധജല കൂട് മത്സ്യകൃഷിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 470/23* | *അടങ്കൽ* | *24,00,000/- രൂപ* |
| | *വികസനഫണ്ട് ജനറൽ* | *9,60,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *14,40,000 രൂപ* |
| *പേര്* | *ശുദ്ധജല കൂട്ട മത്സ്യകൃഷി* | |

എറണാകുളം ജില്ലാ പഞ്ചായത്ത് കൂടിലെ മത്സ്യകൃഷിക്ക് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടിന്റെ വലിപ്പം 4 മീറ്റർ നീളം 3 മീറ്റർ വീതി 2.5 മീറ്റർ ആഴം (30 **$M^3$**) ആണ്.

ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിൽ ജി.ഐ ഫ്രെയിമും ഹൈഡെൻസിറ്റി പോളി എത്തിലീൻ (HDPE) വലകളും ഉപയോഗിച്ചാണ് കൂട്ട നിർമ്മിക്കുന്നത്. ഇത്തരം രണ്ട് കൂടുകൾ ചേർന്നതാണ് ഒരു യൂണിറ്റ്. ഇതിന്റെ ചെലവ് 3.00 ലക്ഷം രൂപ. എന്നാൽ മാർഗ്ഗരേഖ പ്രകാരം കൂടിന്റെ സ്പെസിഫിക്കേഷൻ 6 മീറ്റർ നീളം 4 മീറ്റർ വീതി, 1.25 മീറ്റർ ആഴം ($30M^3$) എന്ന രീതിയിലാണ്. മാർഗ്ഗ രേഖ പ്രകാരം 2 കൂടുകളുള്ള ഒരു യൂണിറ്റിന് 40,000 രൂപയാണ് യൂണിറ്റ് ചെലവ്. ഇതിന്റെ 40 ശതമാനം സബ്സിഡി നൽകാം. ജില്ലാ പഞ്ചായത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഒരു യൂണിറ്റിന്റെ ചെലവായ 3.00 ലക്ഷം രൂപയുടെ 40 ശതമാനം സബ്സിഡി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ പ്രോജക്ട് വ്യക്തികൾ മുഖേനയോ ഗ്രൂപ്പ് മുഖേനയോ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം :-**

1) മുകളിൽ പറഞ്ഞ യൂണിറ്റ ചെലവിന്റെ പരമാവധി 40 ശതമാനം സബ്സിഡി നൽകാൻ അനുമതി നൽകുന്നു.
2) എന്നാൽ വ്യക്തികൾക്കുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തിനു വിഹിതം കൈമാറി വേണം നടപ്പാക്കേണ്ടത്. ഗ്രൂപ്പുകൾക്കുള്ള താണെങ്കിൽ ജില്ലാപഞ്ചായത്തിനു നേരിട്ടു നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.28 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023, 19.1.2023 എന്നീ തീയതികളിലെ കത്തുകളും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.12.2022 ലെ** (DP) (5) 2099/2022 **ലെ കത്തും (SRG 146/23 - CC/12/2023).**

**വിഷയം:-** ഓരു ജല കൂട്ട മത്സ്യകൃഷിക്കു ധനസഹായം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 464/23* | *അടങ്കൽ* | *25,00,000/- രൂപ* |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *10,20,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *15,30,000 രൂപ* |
| ***പേര്*** | ***ഓരു ജല മത്സ്യകൃഷി*** | |

എറണാകുളം ജില്ലാ പഞ്ചായത്ത് ഈ വർഷം ഓരുജല കൂട്ട മത്സ്യകൃഷിക്ക് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം കൂടിന്റെ സ്പെസിഫിക്കേഷൻ 6 മീറ്റർ നീളവും, 4 മീറ്റർ വീതി, 1.25 മീറ്റർ ആഴം എന്നാണ് ($30M^3$) ആണ്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിലെ സ്പെസിഫിക്കേഷൻ ഇത് യഥാക്രമം **4x2.5x 1.5 ($15m^3$)** ആണ്. മാർഗ്ഗരേഖ പ്രകാരവും ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിലും 2 വീതം കൂടുകളാണ് ഒരു യൂണിറ്റ്. ജി.ഐ. ഫ്രെയിമിലും ഹൈഡെൻസിറ്റി പോളി എത്തിലിൻ (HDPE) വലകളും ഉപയോഗിച്ചാണ് കുട്ട നിർമ്മിക്കുന്നത്. മാർഗ്ഗരേഖ പ്രകാരമുള്ള യൂണിറ്റ് ചെലവ് 40,000 രൂപയാണ്. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം യൂണിറ്റ് ചെലവ് 1.50 ലക്ഷം രൂപയാണ്. ഈ യൂണിറ്റ് ചെലവിന്റെ 40ശതമാനം ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. വ്യക്തികൾക്കോ ഗ്രൂപ്പിനോ നൽകാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം :-** 1) മുകളിൽ പറഞ്ഞ യൂണിറ്റ ചെലവിന്റെ പരമാവധി 40 ശതമാനം സബ്സിഡി നൽകാൻ അനുമതി നൽകുന്നു.

2) എന്നാൽ വ്യക്തികൾക്കുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തിനു വിഹിതം കൈമാറി വേണം നടപ്പാക്കേണ്ടത്. ഗ്രൂപ്പുകൾക്കുള്ളതാണെങ്കിൽ ജില്ലാപഞ്ചായത്തിനു നേരിട്ടു നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.29 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.01.2023 ലെ B2-5141/2022-ാം നമ്പർ കത്തും. (SRG 217/2023 – CC/39/2023)**

**വിഷയം:-** ചിപ്പി വളർത്തുന്നതിനുള്ള പ്രോജക്ട നടപ്പാക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 801/23* | *അടങ്കൽ* | *12,00,000/- രൂപ* |
| | *വികസനഫണ്ട് ജനറൽ* | *4,80,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *7,20,000 രൂപ* |
| *പേര്* | *ചിപ്പി വളർത്തൽ, കായൽ മുരിങ്ങകൃഷി* | |

ചിപ്പിവളർത്തൽ/കല്ലുമ്മേക്കായ കൃഷിക്ക് ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നത് ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ്. ജില്ലാ പഞ്ചായത്തിന് ഈ പ്രോജക്ട് നേരിട്ടു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- **1)** വ്യക്തിഗത ഗുണഭോക്താക്കളാണെങ്കിൽ ഗ്രാമപഞ്ചായത്തിനു തുക കൈമാറി വേണം നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഗ്രൂപ്പടിസ്ഥാനത്തിലാണെങ്കിൽ ജില്ലാ പഞ്ചായത്തിനു നേരിട്ടു നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ
5. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് അർബൻ
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
8. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
12. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
13. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
18. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
19. മെമ്പർ സെക്രട്ടറി, KSDMA
20. ഫിഷറീസ് ഡയറക്ടർ (പ്രതിനിധി)
21. ഡയറക്ടർ, ആരോഗ്യവകുപ്പ് (പ്രതിനിധി)
22. സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ
23. ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ് (പ്രതിനിധി)